Hydel Bullet

A Monthly Publication of the Kerala State Electricity Board Engineers Association

# The Apartheid ends in the last phase??

The country seems to be in a continued sporty mood with the successful conducting of Commonwealth Games. Though not at the same rate of Delhi, Indian Athletes are faring well in Asian Games too at Guangzhou and we are proud that four sports persons from KSEB are selected to the teams representing India. The Association congratulates them and wishes them to bring victory to the country and to KSEB.

It is not surprising that the generally prevailing sporty mood has been seeped into KSEB environment also. Accordingly, the Sports coordinator proposed and Board disposed to conduct an Annual Sports Meet for Board employees after having conducted a ritualistic meeting with the representatives of the only "Recognized couples". What is surprising is that quite unusually, the entire Spectrum of T.Us & Associations in KSEB has been solicited for participation in the first meeting of the Organizing Committee for conducting the event that was already constituted through an earlier B.O. The "Un-recognized and Un-favored Associations" have been racially segregated and discriminated all these time by the present Management and their role have been replaced by a "committee strategy" to discuss common issues and for implementing strategic programme. Now the last minute change of mindset is perplexing. Perhaps these "committees without commitment and mandate" might have led the management back to square one.

Though the responses of majority of the representatives have been lukewarm in the meeting barring few enthusiasts who are not in service now, there is a general level acceptance for conducting the Annual sports Meet. The items are limited to race, jump, put & throw in athletics; badminton, chess, caroms and finally Tug-of-war in games. Since the upper age band of participants is clipped at 55, the Meet is not all inclusive and service pensioners are not included. Regional level meets (3 regions) followed by the final are to be concluded by the last week of January with a cultural meet and realty show. Like war, sports & games too but in another perspective, has a magic power of integration and can energize ➲

**KSEB Engineers Association**
Office Bearers - 2010 - 2011

**ASSOCIATION**

**President**
Er. G.S. AJIKUMAR

**Vice-President**
Er. EBANEZER SAMJI

**General Secretary**
Er. GEORGE MATHEW

**Treasurer**
Er. A. RAJENDRAN

**Organising Secretaries**
Er. V. RANJIT KUMAR (S)
Er. T.B. JAGATHY (N)

**Secretaries**
Er. D.S. RAJESH (HQ)
Er. EDWIN CALLISTUS (S)
Er.B. SHARATH (N)

**BENEVOLENT FUND**

**Chairman**
Er. M. MOHAMMED ALI RAWTHER

**Vice Chairperson**
Er. SOSAMMA KURUVILA

**Secretary**
Er.K.P. JEEJI FRANCIS

**Treasurer**
Er. G. SHAJ KUMAR

**Joint Secretaries**
Er. P.JAYAKRISHNAN
Er. R. MANOJ

**EDITORIAL BOARD**

**Chief Editor**
Er. E. MOHAMMED SHEREEF

**Associate Editor**
Er. K. SUNIL
Er. NIRMALA KURIEN

**Ex. Officio Members**
Er. GEORGE MATHEW
Er. D.S. RAJESH
Er. V. RANJIT KUMAR


an idling community. So unmindful of the add-ons around the waistline, everyone should participate in at least one event as a preparation to meet the imminent challenges in a rejuvenated mood.

Another game, to be precise an hide and seek game, which is being played by the Management for the last four years, is too nearing the final in which the participation was restricted to the management and their close confidents. As per the information gathered from ROC, KSEB has filed all the required papers online and remitted a fee of Rs. 2 crore by the second week of this month. After verification of the same and hearing the objections, the Registration of KSEB Ltd can be expected any moment. But no meaningful discussions with T.Us and Associations have been conducted by the Management so far and kept them in dark about the happenings. The service conditions and benefits being enjoyed by the employees are not guaranteed as required under the Act. The pay-revision due from 2008 remains untouched though the State Government went much ahead in this regard for their employees and is announced to be awarded by April 2011. Some time back, the Minister called a meeting of TUs and Associations of KSEB and proposed a pension scheme which was not digestible then to many and as such it was agreed to give the proposal in writing for proper study and to submit their suggestions for further discussion. A preliminary study on the proposal revealed the financial un-viability of the scheme merely by the fact that the proposed Bond issue to create a pension fund is without the credit of real money thereby resulting into creation of liability without receipt. The same was informed in writing but have been maintaining silence since then till to date. These two areas, that is to say Pay revision and payment of Pension, are to be addressed and finalized before the ➲

# Congratulations

## KSEB Engineers Association Congratulates



**Er. P.S. Rajagopal**

on his promotion as Chief Engineer (Generation)

Government-vested Asset of KSEB is getting revested into the new corporate entity. At least as a matter of courtesy, the Article of Association of the new company should have been circulated among T.Us and Associations to get an understanding of the framework of the organization that we are destined to function in future. With these experiences of undemocratic attitude of the Management of this Public Sector, frankly, we are skeptical about the real agenda behind reviving and conducting a long forgone event that had a not so sweet history of conducting in the past.

If the Corporatization of KSEB coincides with revived Annual Sports Meet without addressing the above minimum demands which is guaranteed by the Act and which, all other States have generously complied with before corporatization of their SEBs, a whole hearted participation would not be possible and celebration may have to give way to mourning and unpleasant protests. Hence we urge the Board to start the much delayed Pay revision discussions at the earliest and to announce the arrangement made to retain all the existing service benefits including pension right when KSEB is corporatised.



**December 14th**

## Energy Conservation Day



# ശമ്പളപരിഷ്ക്കരണം

വിദ്യുച്ഛക്തി ബോർഡ് പഞ്ചവത്സര പദ്ധതിയായി നൽകുന്ന ശമ്പളപരിഷ്ക്കരണത്തിന്റെ നടപടികൾ തുടങ്ങാത്തതിൽ ജീവനക്കാർ അത്യന്തം ഉൽക്കണ്ഠാകുലരാണ്. മോഡൽ സെക്ഷന്റെ വ്യാപനം, കമ്പനിവൽക്കരണം തുടങ്ങിയ നടപടികൾ ഒരു വശത്ത് നടപ്പാക്കികൊണ്ട് ജീവനക്കാരിൽ സമ്മർദ്ദം ഏറുകയും ചെയ്തു കൊണ്ടിരിക്കുകയാണ്.

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഏപ്രിൽ മാസം മുതൽ പരിഷ്ക്കരിച്ച ശമ്പളം നല്കുമെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. സാധാരണ നമ്മുടെ ശമ്പള പരിഷ്ക്കരണങ്ങൾക്കുണ്ടാകുന്ന ചർച്ചകളുടെ ദൈർഘ്യം കണക്കിലെടുത്താൽ ഏപ്രിലിൽ പുതിയ ശമ്പളം ലഭിക്കുവാൻ സാധ്യത കുറവാണ്. അതുകഴിഞ്ഞ് അസംബ്ലി ഇലക്ഷനു സമയമാവുകയും ചെയ്യും. കഴിഞ്ഞ ശമ്പള പരിഷ്ക്കരണ സമയത്ത് ബോർഡ് പറഞ്ഞത് ഇപ്പോൾ പരിഷ്ക്കരണം കുറഞ്ഞാലും അടുത്ത പരിഷ്ക്കരണം 2008ൽ നല്കുമല്ലോ പിന്നെന്താ പ്രശ്നം എന്നായിരുന്നു. 2008 കടന്നുപോയി. പക്ഷെ ശമ്പള പരിഷ്ക്കരണം നടന്നില്ല.

തൊഴിലാളി വർഗത്തിനു വേണ്ടി നിലകൊള്ളുന്ന സർക്കാരിൽ നിന്നും ഇത്തരത്തിലൊരു താമസം ആരും പ്രതീക്ഷിച്ചില്ല. ഒരു പക്ഷെ സർക്കാരിലെ പരിഷ്ക്കരണത്തിനു ബോർഡു കാത്തിരിക്കുകയായിരിക്കും. ചർച്ചകളെങ്കിലും ആരംഭിക്കാമല്ലോ? പരിഷ്ക്കരണ നടപടികൾക്ക് ആക്കം കൂട്ടുകയും ചെയ്യാം'

ബോർഡുമായി കരാറിലേർപ്പെട്ടിരിക്കുന്ന അംഗീകൃത യൂണിയനുകൾ കരാർ പുതുക്കുന്നതിനായി നോട്ടീസ് നല്കുന്ന പ്രാരംഭ നടപടി ആയിട്ടുണ്ടോയെന്നറിയില്ല. അതിൽ നിന്നാണ് ശമ്പള പരിഷ്ക്കരണ ചർച്ചകൾക്ക് വിത്ത് പാകുന്നതെന്ന പ്രായോഗിക കാഴ്ചപ്പാട് ബോർഡിനുമുണ്ടാകും. രണ്ടു കൂട്ടരും കള്ളനും പോലീസും കളിക്കുകയാണോയെന്നാണ് സംശയം.

ഇന്നലെകളുടെ ചരിത്രങ്ങൾ ചട്ടുകങ്ങളാക്കി മറ പിടിച്ചതുകൊണ്ട് കാര്യമില്ല. വർത്തമാനകാലം വേഗതയുടേതാണ്. ഉപഭോക്താക്കൾക്ക് വേഗത്തിൽ സർവീസ് നല്കികൊണ്ട് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ ശ്രമിക്കുന്ന ബോർഡ് ശമ്പള പരിഷ്ക്കരണ നടപടികൾ വേഗത്തിലാക്കി മാതൃകയാവേണ്ടതാണ്. ഇതിനൊരു SOPയില്ലാത്തത് ബോർഡിന്റെ ഭാഗ്യം, അല്ലെങ്കിൽ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം നല്കുവാൻ ബോർഡ് ബാധ്യസ്ഥരായി വന്നേനേ.

ഇത്തവണത്തെ ശമ്പള പരിഷ്ക്കരണത്തോടൊപ്പം തന്നെ ചിന്തിക്കേണ്ട രണ്ടു വിഷയങ്ങളാണ് മോഡൽ സെക്ഷന്റെ വ്യാപനവും കമ്പനിവൽക്കരണ നടപടികളും.

മോഡൽ സെക്ഷന്റെ വ്യാപനത്തോടുകൂടി സെക്ഷൻ ആഫീസുകളുടെ പ്രവർത്തന രീതികൾക്കു സംഭവിക്കുന്ന മാറ്റങ്ങളെല്ലാം ഇതിനകം തന്നെ എല്ലാവരും മനസിലാക്കിയിട്ടുണ്ട്. ഇതിനോടു ചില പ്രായോഗിക സമീപനങ്ങൾ തീർച്ചയായും എടുക്കേണ്ടതുണ്ട്. ഇതിൽ പ്രധാനമായും ഫീൽഡു ജീവനക്കാർ

➲

അനുഭവിക്കുന്ന പ്രയാസങ്ങളാണ്. സെക്ഷൻ ആഫീസ് കാഷ് കൗണ്ടർ രാവിലെ എട്ടു മണി മുതൽ ഉച്ച തിരിഞ്ഞ് ആറുമണിവരെയാക്കിയപ്പോൾ രണ്ടു ഷിഫ്റ്റുകളായാണ് പ്രവർത്തനം സജ്ജീകരിച്ചത്. എന്നാൽ രാവിലെ എട്ടു മണി മുതൽ രാത്രി എട്ടു മണിവരെ ജോലി ചെയ്യുവാൻ ബാധ്യസ്ഥരായ ഫീൽഡ് ജീവനക്കാർ പന്ത്രണ്ടു മണിക്കൂർ ജോലി ചെയ്യണം. ഇത് കാട്ടുനീതിയാണ്. ഇത് മോഡൽ സെക്ഷൻ വന്നതു കൊണ്ടുണ്ടായ പ്രശ്നമല്ലെന്ന് എല്ലാവർക്കും അറിയാം. പക്ഷെ എല്ലാ സെക്ഷനും മോഡൽ സെക്ഷൻ ആക്കി മാറ്റുന്ന വേളയിൽ ഇതിനു മാറ്റം വരുത്തേണ്ടത് സാമാന്യ നീതിയാണ്. അല്ലെങ്കിൽ അടിമത്വം പോലുള്ള ഈ രീതി തുടരുക തന്നെ ചെയ്യും.

ഇതിനു വേണ്ടി ആളുകളുടെ എണ്ണം കൂട്ടേണ്ട കാര്യമൊന്നുമില്ല. സെക്ഷനിലെ ഫീൽഡു ജീവനക്കാരെ രണ്ടു ബാച്ചുകളാക്കി രണ്ടു ഷിഫ്റ്റുകളാക്കി തിരിച്ചാൽ മതി. ഒരു ടീം രാവിലെ എട്ടു മണി മുതൽ അഞ്ചു മണി വരെയും അടുത്ത ടീം പതിനൊന്നു മുതൽ രാത്രി എട്ടുമണിവരെയും ജോലി ചെയ്താൽ മതി.

അതുപോലെ തന്നെ ജീവനക്കാർ ഏറ്റവും അധികം ബുദ്ധിമുട്ടു നേരിടുന്ന കാര്യമാണ് വാഹന പ്രശ്നം. റവന്യു ടീമിന്റെ കാര്യം പരിശോധിക്കുമ്പോൾ കാര്യം മനസിലാവും. ഒരുമ എഫിഷ്യൻസി നോക്കിക്കൊണ്ട് കാര്യങ്ങൾ നീങ്ങുമ്പോൾ നൂറു ശതമാനം ഡിസ്ക്കണക്ഷൻ നിർബന്ധമാണ്. ഒരു സെക്ഷനിൽ ശരാശരി ആയിരം ഉപഭോക്താക്കൾ ഡി.ഡി.ലിസ്റ്റിൽ വരുന്നുണ്ട്. ഒരു ഉപഭോക്താവിനുവേണ്ടി മിനിമം രണ്ടു കിലോമീറ്റർ കണക്കിലെടുത്താൽ രണ്ടായിരം കിലോമീറ്റർ ലൈൻമാൻമാർ അവരുടെ സ്വന്തം വാഹനമോടിക്കണം, രണ്ടു ലൈൻമാൻമാരാണ് റവന്യു വിങ്ങിലുള്ളത്. ഇവർക്ക് കൊടുക്കുന്ന കൺവെയൻസ് അലവൻസ് എത്രയാണെന്നു നമുക്കറിയാം. അതുകൊണ്ട് എത്ര ലിറ്റർ പെട്രോളടിക്കാമെന്നും നമുക്കറിയാം. അതു പോലെതന്നെ പ്രതിമാസ ബില്ലുകൾ വിതരണം ചെയ്യേണ്ടതും ഇവർ തന്നെയാണ്. ഇവരനുഭവിക്കുന്ന സമ്മർദ്ദം ആഫീസിന്റെ നടത്തിപ്പിനെ കാര്യമായി തന്നെ ബാധിക്കുന്നുണ്ട്. ഇത് ആഫീസ് മേധാവികൾക്കു വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഇതു പോലെതയൊണ് മറ്റു ഗ്രൂപ്പുകളുടെയും സ്ഥിതി. ഇവർക്കെല്ലാം വാഹനമോടിക്കുതിനുള്ള ചെലവു നൽകണം. അതല്ലാതെ ബോർഡിനുവേണ്ടി സൗജന്യ സേവനങ്ങളൊന്നും ഇവരിൽ നിന്നും പിടിച്ചു വാങ്ങരുത്. ഫീൽഡു ജീവനക്കാർക്കുണ്ടാകുന്ന പ്രശ്നങ്ങൾ നന്നായറിയുന്ന ട്രേഡ് യൂണിയനുകൾ അതിനായി ഇടപെടുമെന്ന് വിചാരിക്കാം. ഇല്ലെങ്കിൽ ഈ അസംതൃപ്തികൾ മനസിലാക്കി അവർക്കിടയിൽ നിന്നും പുതിയ ഒരു സംഘടന തന്നെ നിലവിൽ വരാൻ സാധ്യതയുണ്ട്. അതിനുള്ള നീക്കങ്ങൾ പല കോണുകളിലായി നടക്കുന്നുമുണ്ട്. അത് ശക്തി പ്രാപിച്ചുവരുന്നുണ്ട്.

മോഡൽ സെക്ഷന്റെ വ്യാപനത്തോടുകൂടി വിതരണ മേഖലയിലെ അസിസ്റ്റന്റ് എഞ്ചിനിയർ മാരുടെ ജോലിസമയം രാവിലെ എട്ടു മണിക്കു സൂര്യനമസ്ക്കാരത്തോടു കൂടി ആരംഭിക്കണം. ചന്ദ്രനുദിക്കുമ്പോഴേ അവസാനിപ്പിക്കുവാനും സാധിക്കുകയുള്ളൂ. എങ്ങാനും അമാവാസിയായാൽ പറയുകയും വേണ്ട. സൂര്യനമസ്ക്കാര സമയത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നിർബന്ധമായും ഹാജരാവണമെന്നുത്തരവിട്ടപ്പോൾ റവന്യു കാര്യങ്ങൾ നോക്കാനായി ആരും നമസ്കാരത്തിനെത്തുവാൻ നിർദ്ദേശിക്കാത്തത് പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഇതു കൂടാതെ സെക്ഷനാഫീസിനു കീഴിൽ വരുന്ന ലൈനുകളിൽ നിന്നും ഉപകരണങ്ങളിൽ നിന്നും അപകടങ്ങൾ

സംഭവിച്ചാൽ ഒരേയൊരുത്തരവാദി മാത്രമേയുള്ളൂ; അത് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനിയർ മാത്രമാണ്. ഇത് വല്ലാത്ത ഒരു അവസ്ഥയാണ് ഉണ്ടാക്കികൊണ്ടിരിക്കുന്നത്.

അപകടങ്ങൾ സംഭവിച്ചാൽ അസിസ്റ്റന്റ് എഞ്ചിനിയർക്കെതിരെ നരഹത്യയ്ക്ക് കേസെടുത്ത് അറസ്റ്റ് വാറണ്ടു പുറപ്പെടുവിക്കുന്ന സംഭവങ്ങൾ ഒരുപാടുണ്ടാവുന്നുണ്ട്. ഇതിനു പരിഹാരമാവണമെങ്കിൽ എൽ.ടി ലൈനുകളുടേയും എച്ച്.ടി.ലൈനുകളുടേയും രക്ഷാധികാരികളാരെന്ന് ബോർഡ് വ്യക്തമാക്കണം. ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരെല്ലാം കൺഫ്യൂഷനിലാണ്. കിട്ടുന്ന വേദികളിലെല്ലാം അവർ ഇതുന്നയിക്കുന്നുണ്ട്. പക്ഷെ കണ്ട ഭാവം ബോർഡും കേട്ട ഭാവം ഉന്നത ഉദ്യോഗസ്ഥരും നടിക്കുന്നില്ല.

ഇങ്ങിനെ കുറെയേറെ ഉത്തരവാദിത്തങ്ങൾ കൊണ്ട് വീർപ്പു മുട്ടുകയാണ് സെക്ഷന്റെ തലവനെന്ന നിലയിൽ അസിസ്റ്റന്റ് എഞ്ചിനിയർമാർ. ശമ്പള പരിഷ്ക്കരണ ചർച്ചയിൽ ഇവർക്കു വ്യക്തമായ ആനുകൂല്യങ്ങൾ നല്കണം. അധികാരങ്ങൾ താഴേ തട്ടിലേയ്ക്കെത്തിച്ചതു പോലെ സെക്ഷൻ തലവൻമാർക്കും ആനുകൂല്യങ്ങളും കൂടുതലായി എത്തിക്കണം. ഇത്തരത്തിലേറെ സമ്മർദ്ദവും അതിലേറെ ജോലിതിരക്കുമായി കഴിയുന്ന സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനിയർമാർക്ക് അതേ ശമ്പള സ്കെയിയിലുള്ളവരെക്കാൾ ഇരുനൂറ്റിയമ്പതു രൂപയുടെ വ്യത്യാസം മാത്രമാണ് ഉള്ളത്. ജോലി സമയത്തിന്റെകാര്യം മാത്രമെടുത്താൽ നൂറു മണിക്കൂർനേരം നിർബന്ധമായും മറ്റുള്ളവരെക്കാൾ പ്രതിമാസം കൂടുതൽ ജോലി ചെയ്യണം. ഇപ്പോഴത്തെ ശമ്പള നിരക്കനുസരിച്ച് ഒരു മണിക്കൂറിന് നൂറു രൂപ കണക്കാക്കിയാൽതന്നെ പതിനായിരം രൂപയുടെ അധിക ജോലി അസിസ്റ്റന്റ് എഞ്ചിനിയർ ചെയ്യുവാൻ വിധിക്കപ്പെട്ടിട്ടുണ്ട്. അതിനായി നൽകുന്നതോ കേവലം ഇരുനൂറ്റിയമ്പതുരൂപ മാത്രവും. ഇതൊന്നും കാണാത്ത തരത്തിലുള്ള ബോർഡിന്റെ സമീപനം ശരിയാണോയെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ശമ്പള പരിഷ്ക്കരണ വേളയാണതിനുചിതമായ വേദി. ഇല്ലെങ്കിൽ മോഡൽ സെക്ഷനല്ല ഏതു സെക്ഷനും മടക്കികൂട്ടി കൊട്ടയിലിടാൻ അസിസ്റ്റന്റ് എഞ്ചിനിയർമാർക്കാവുമെന്നു മനസിലാക്കുക. ഈ ശമ്പള പരിഷ്ക്കരണ ചർച്ചകളിൽതന്നെ ചർച്ച ചെയ്യേണ്ട വിഷയമാണ് വൺ റാങ്ക് വൺ പെൻഷൻ പദ്ധതി. സംസ്ഥാന സർക്കാർ ഇതു നടപ്പിലാക്കുവാൻ പോകുകയാണ്. എന്നാൽ ബോർഡിൽ കമ്പനി വല്ക്കരണത്തോടുകൂടി പെൻഷൻതന്നെ ത്രിശങ്കുവിലായി നിൽക്കുമ്പോൾ വൺ റാങ്കിൽ നിൽക്കണോ അല്ലാതെ നിൽക്കണോയെന്ന കൺഫ്യൂഷനായിരിക്കും. തികച്ചു നിരുത്തരവാദപരമായ സമീപനമാണ് ബോർഡിന് കമ്പനിവല്ക്കരണ കാര്യത്തിലുള്ളത്.

ഒന്നും ആരുമായി ആലോചിക്കാതെ ഒരു സുപ്രഭാതത്തിൽ കമ്പനിയുണ്ടാവുമെന്ന തരത്തിലുള്ള ഇപ്പോഴത്തെ പോക്ക് അത്ര ശരിയായി തോന്നുന്നില്ല. കമ്പനിയുടെ പേരിനെക്കുറിച്ചും ലോഗോയെക്കുറിച്ചും ആലോചനാ യോഗങ്ങൾ നടക്കുമ്പോൾ പെൻഷൻകാര്യത്തെ പറ്റിയോ സർവീസ് കാര്യങ്ങളെക്കുറിച്ചോ ഒരു ആലോചനയുമില്ലാത്തത് വേദനയുളവാക്കുന്നു.

ശമ്പളപരിഷ്ക്കരണം എത്രയും വേഗം നടപ്പിലാക്കിക്കൊണ്ട് വൈദ്യുതി ബോർഡ് മാതൃകയാവുമെന്ന് നമുക്ക് പ്രത്യാശിക്കാം.

(Courtesy Thrissur Power scene- November 2010)

# പത്ര വാർത്തകൾ

### ബില്ലിങ് കമ്പ്യൂട്ടർവത്കരണം

## സ്വതന്ത്ര സോഫ്റ്റ്‌വെയറിനെതിരെ കെ.എസ്.ഇ.ബി എൻജിനിയർ സംഘടന

സി. നാരായണൻ

**കോട്ടയ്ക്കൽ:** ഇടതുമുന്നണി സർക്കാരിന്റെ നയമെന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്ന 'സ്വതന്ത്ര സോഫ്റ്റ്‌വെയറി'നെതിരെ വൈദ്യുതിബോർഡിലെ എൻജിനിയേഴ്സ് അസോസിയേഷൻ രംഗത്ത്. സംഘടനയുടെ പ്രതിമാസ ഇംഗ്ലീഷ് പ്രസിദ്ധീകരണമായ 'ഹൈഡൽ ബുള്ളറ്റിൻ' ഒക്ടോബർ ലക്കത്തിലെ മുഖപ്രസംഗത്തിലാണ് സർക്കാരിന്റെ 'സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രേമ'ത്തെ ആക്ഷേപിക്കുന്നത്.

വൈദ്യുതിബോർഡിൽ ഒരുദശാബ്ദം മുമ്പ് തുടങ്ങിയ താരിഫ് ബില്ലിങ് കമ്പ്യൂട്ടർ വത്കരണം പാതിവഴിയിലായത് ഇടതുമുന്നണി വന്ന ശേഷമാണ്. മൈക്രോസോഫ്റ്റിനെ ഒഴിവാക്കി സ്വതന്ത്ര സോഫ്റ്റ്‌വെയർ സ്വീകരിച്ചതാണിതിന് കാരണം- മുഖപ്രസംഗത്തിൽ പറയുന്നു.

സ്വതന്ത്ര സോഫ്റ്റ്‌വെയർ കെ.എസ്.ഇ.ബി പദ്ധതിക്ക് യോജിച്ചതല്ലെന്നും മൈക്രോസോഫ്റ്റാണ് ഏറ്റവും നല്ലതെന്നും പരോക്ഷമായി അവതരിപ്പിക്കുന്നുണ്ട്.

മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് മൈക്രോസോഫ്റ്റിന്റെ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഗാർഹിക ഉപഭോക്താക്കളുടെ ബില്ലിങ് കമ്പ്യൂട്ടർ വത്കരിക്കൽ ജോലി ഊർജിതമായി മുന്നേറവേ മൈക്രോസോഫ്റ്റ് സോഫ്റ്റ്‌വെയറിനെതിരെ അനാവശ്യ ആരോപണങ്ങൾ ഉയർത്തിയതായി ലേഖനത്തിൽ പറയുന്നു. മൈക്രോസോഫ്റ്റിന്റേത് തൃപ്തികരവും ഉപയോഗിക്കാൻ അനായാസവുമായ സോഫ്റ്റ്‌വെയറായിരുന്നതായും ലേഖനത്തിൽ പറയുന്നു.

2006ൽ ഇടതുസർക്കാർ വന്നശേഷം നേരത്തെയുണ്ടായിരുന്ന നേട്ടങ്ങൾ മുഴുവൻ പിറകോട്ടു പോയി. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ 'വിശുദ്ധി'യെപ്പറ്റിയുള്ള താത്വികവാദങ്ങൾ ഉന്നയിക്കപ്പെട്ടതോടെയായിരുന്നു ഇത്. ഇതോടെ ബില്ലിങ് കമ്പ്യൂട്ടർവത്കരണം പാതിവഴിയിലാവുകയും കോടിക്കണക്കിന് രൂപ ചെലവിട്ട് വാങ്ങിയ ഉപകരണങ്ങൾ (ഹാർഡ്‌വെയർ) പാഴാവുകയും ചെയ്തു. വി.എസ്. അച്യുതാനന്ദന്റെയും മറ്റും സ്വതന്ത്ര സോഫ്റ്റ്‌വെയർ ആഭിമുഖ്യത്തെ പരോക്ഷമായി വിമർശിച്ചുകൊണ്ട് മുഖപ്രസംഗത്തിൽ പറയുന്നു.

സ്വതന്ത്ര സോഫ്റ്റ്‌വെയർ ആദർശത്തിൽ നിന്ന് വൈദ്യുതിബോർഡ് മോചനം നേടണമെന്നും ഏത് പ്രോഗ്രാമാണോ ഏറ്റവും യോജിച്ചത് അത് സ്വീകരിക്കാനുള്ള തുറന്ന സമീപനത്തിലേക്ക് വരണമെന്നും മുഖപ്രസംഗത്തിൽ ആവശ്യപ്പെടുന്നു. തെക്കൻ കൊറിയൻ കമ്പനിക്ക് പദ്ധതി ടെൻഡർ നൽകിയതു സംബന്ധിച്ച് ഇപ്പോൾ ഉയർന്നിരിക്കുന്ന ആരോപണവും അനാവശ്യമാണെന്ന് പറയുന്നുണ്ട്. ഏറ്റവും കുറഞ്ഞനിരക്ക് വാഗ്ദാനംചെയ്ത ഇന്ത്യൻ കമ്പനിക്കു നൽകാതെ കൊറിയൻ കമ്പനിക്ക് ടെൻഡർ ഉറപ്പിച്ചതാണ് വിവാദമായത്.

കുറഞ്ഞ നിരക്ക് കൊടുത്ത കമ്പനിയും ഇപ്പോൾ തിരഞ്ഞെടുത്ത കൊറിയൻ കമ്പനിയും തമ്മിലുള്ള തുക വ്യത്യാസം കേവലം 50 കോടി രൂപയാണ്. ഇന്ത്യൻ കമ്പനിക്ക് കരാർ നൽകിയിരുന്നെങ്കിൽ 50 കോടി ലാഭിക്കാമായിരുന്നു എന്നാണ് ആരോപണം.

എന്നാൽ ടെൻഡർ പരിശോധനയിൽ ഒരു പിഴവും വന്നിട്ടില്ല. ഇതിനായി കെ.എസ്.ഇ.ബി 'ഫീഡ് ബാക്ക് വെൻചേഴ്സ്' എന്ന കൺസൾട്ടൻറിനെയും നിയോഗിച്ചിരുന്നു. ഇന്ത്യൻ കമ്പനിയുടെ ടെൻഡർ തുക കുറവെങ്കിലും പല വ്യവസ്ഥകളും ലംഘിച്ചായിരുന്നു വാഗ്ദാനം. ഇത് സ്വീകരിക്കാനാവില്ല.

50 കോടിയുടെ നഷ്ടക്കണക്ക് പറഞ്ഞ് 220 കോടിയുടെ കേന്ദ്രധനസഹായം പാഴാക്കരുതെന്നും ആവശ്യപ്പെടുന്നുണ്ട്. വൈദ്യുതിബോർഡിന്റെ സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർബന്ധം കൊണ്ടുമാത്രമാണ് ഇൻഫോസിസ് ഈ പദ്ധതിയുടെ ടെൻഡറിൽനിന്നും ഒഴിഞ്ഞുനിന്നതെന്നും മുഖപ്രസംഗം കുറ്റപ്പെടുത്തുന്നു.

## വിമർശിച്ചത് പദ്ധതി നഷ്ടമാകുമോ എന്ന ആശങ്കയാൽ-എൻജി. അസോസിയേഷൻ

**കോട്ടയ്ക്കൽ:** വൈദ്യുതി ബോർഡിലെ കമ്പ്യൂട്ടർവത്കരണ പ്രശ്നത്തിൽ ഉയർത്തിയ വിമർശം, വൈദ്യുതി മേഖലയ്ക്കാകെ ഗുണപ്രദമായ പദ്ധതി നഷ്ടപ്പെടുമോ എന്ന ഉത്കണ്ഠയിൽ നിന്നുമാത്രം ഉണ്ടായതാണെന്ന് കെ.എസ്.ഇ.ബി എൻജിനിയേഴ്സ് അസോസിയേഷൻ പത്രക്കുറിപ്പിൽ അറിയിച്ചു.

സാധ്യത ഉള്ളിടത്തെല്ലാം സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്നാണ് സർക്കാർ പോളിസിയിൽ പറഞ്ഞിരിക്കുന്നത്. സംസ്ഥാനത്തെ അഞ്ചര ലക്ഷത്തോളം സർക്കാർ ജീവനക്കാരുടെ ശമ്പളം തുടങ്ങി എല്ലാ സേവനകാര്യങ്ങളും മൈക്രോസോഫ്റ്റ് വിൻഡോസ് സിസ്റ്റത്തിൽ സ്പാർക്ക് (Spark) എന്ന സോഫ്റ്റ്‌വെയറിലൂടെയാണ് കമ്പ്യൂട്ടർവത്കരിച്ചത്. ഈ സോഫ്റ്റ്‌വെയർ വികസിപ്പിച്ചതാകട്ടെ മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള ഐ.ടി. മിഷനും. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ വാട്ടർ അതോറിറ്റിയുടെയും ബില്ലിങ് കമ്പ്യൂട്ടറൈസേഷനും മൈക്രോസോഫ്റ്റ് അടിസ്ഥാനമാക്കിയ സോഫ്റ്റ്‌വെയറിലൂടെയാണ് സാധ്യമാക്കിയത്. കെ.എസ്.ഇ.ബിയിൽ മാത്രമേ സർക്കാർ പോളിസി എന്ന വ്യാജേന 'സ്വതന്ത്ര സോഫ്റ്റ്‌വെയർ മാത്രം' എന്ന നിബന്ധന നിലനിർത്തുന്നുള്ളൂ. ഈ നിബന്ധന നിലനിൽക്കുന്നതു കാരണം ടി.സി.എസ് എന്ന സ്ഥാപനം വികസിപ്പിച്ചെടുത്ത എച്ച്.ടി. ബില്ലിങ് സോഫ്റ്റ്‌വെയറിന്റെ ഡാറ്റാ ബേസിന് സപ്പോർട്ട് ചാർജ് ഇനത്തിൽ ലൈസൻസ് ഫീയേക്കാൾ വലിയ തുക ബോർഡ് എല്ലാവർഷവും ചെലവഴിക്കേണ്ടി വരുന്നതും വസ്തുതയാണ്. കമ്പ്യൂട്ടറൈസേഷൻ ഉചിതമായ രീതിയിൽ മത്സരാടിസ്ഥാനത്തിൽ ചെലവ് കുറച്ചും എത്രയും വേഗവും നടപ്പാക്കണമെന്നാണ് അസോസിയേഷന്റെ നിലപാട്. അത് ഏതെങ്കിലും ഗവൺമെന്റിനോ രാഷ്ട്രീയത്തിനോ എതിരല്ലെന്നും പത്രക്കുറിപ്പിൽ പറഞ്ഞു.

## കേരളത്തിൽ വാതകാധിഷ്ഠിത വൈദ്യുതിനിലയം വേണം-സെമിനാർ

കൊച്ചി : സംസ്ഥാനത്തെ വർധിച്ചു വരുന്ന വൈദ്യുതി ആവശ്യം നിറവേറ്റാൻ വാതകാധിഷ്ഠിത വൈദ്യുതി നിലയം ആവശ്യമാണെന്ന് കൊച്ചിയിൽ നടന്ന ദേശീയ സെമിനാർ വിലയിരുത്തി. രാജ്യത്ത് ഉല്പാദിപ്പിക്കുന്ന പ്രകൃതി വാതകത്തിന്റെ അർഹമായ വിഹിതം ഇതുവഴി സംസ്ഥാനത്തിനു ലഭിക്കുമെന്ന് കെ.എസ്.ഇ.ബി എൻജിനിയേഴ്സ് അസോസിയേഷൻ സംഘടിപ്പിച്ച സെമിനാറിൽ വിഗ്ദ്ധർ ചൂണ്ടിക്കാട്ടി. കേരളത്തിലെ മന്ദഗതിയിലുള്ള ജലവൈദ്യുതി വികസനത്തിന് എൽ.എൻ.ജി വൈദ്യുതി പരിഹാരമാകുമോ എന്ന വിഷയത്തിലായിരുന്നു സെമിനാർ.

ഹോട്ടൽ ഹാർബർ വ്യൂവിൽ നടന്ന സെമിനാറിൽ കെ.എസ്.ഇ.ബി. എൻജിനിയേഴ്സ് അസോസിയേഷൻ പ്രസിഡന്റ് എൻജിനിയർ ജി.എസ്. അജികുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈദ്യുതി ബോർഡിന്റെ കോർപ്പറേറ്റ് വിഭാഗം ചീഫ് എൻജിനിയർ കെ.എസ്.ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം നിർവഹിച്ചു. പെട്രോനെറ്റ് എൽ.എൻ.ജിയുടെ ജനറൽ മാനേജർ ടി.എൻ.നീലകണ്ഠൻ, എൽ.ആൻഡ്.ടി. പവർ ലിമിറ്റടിന്റെ ഡെപ്യൂട്ടി ജനറൽ മാനേജർ പി. ബാലസുബ്രഹ്മണ്യൻ, ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ജനറൽ മാനേജർ ആർ.കെ.സിംഗാൾ തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. നൂറിൽപരം സാങ്കേതിക വിദഗ്ദ്ധർ പങ്കെടുത്ത ഈ സെമിനാറിൽ ഇലക്ട്രിസിറ്റി എൻജിനിയർമാർക്കു പുറമെ കേരളത്തിനകത്തും പുറത്തുമുള്ള പ്രമുഖ പവ്വർ യൂട്ടിലിറ്റികളിൽ നിന്നും മറ്റു വ്യവസായ ശാലകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള എൻജിനിയർമാരും പങ്കെടുത്തു.

വൈദ്യുതി ബോർഡിന്റെ മധ്യമേഖലാവിഭാഗം ചീഫ് എൻജിനിയർ ജി.സുധാദേവി മോഡറേറ്ററായിരുന്നു. എൻജിനിയർ പ്രേംജി ഈശോ ജേക്കബ് സ്വാഗതവും അസോസിയേഷന്റെ ജനറൽ സെക്രട്ടറി എൻജിനിയർ ജോർജ് മാത്യു നന്ദിയും പറഞ്ഞു. ✵

ദീപിക

## ശമ്പള പരിഷ്കരണത്തിൽ വൈദ്യുതി ബോർഡിന്റെ ഒളിച്ചുകളി അവസാനിപ്പിക്കണം: അസോസിയേഷൻ

തൃശൂർ: ശമ്പള പരിഷ്കരണം നടപ്പിലാക്കാതെ ജീവനക്കാരെ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനകൾ നടത്തുന്നതിൽ അർഥമില്ലെന്ന് കെഎസ്ഇബി എൻജിനിയേഴ്സ് അസോസിയേഷൻ ജില്ലാ പൊതുയോഗം ചൂണ്ടിക്കാട്ടി.

2008ൽതന്നെ ശമ്പള പരിഷ്കരണം നൽകുമെന്ന് പ്രഖ്യാപിച്ച വൈദ്യുതി ബോർഡ് ഇതുവരെയായിട്ടും പരിഷ്കരണ നടപടികൾ നടത്താത്തതിൽ യോഗം പ്രതിഷേധിച്ചു.

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ വൺ റാങ്ക് വൺ പെൻഷൻ പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ തയാറായിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി ബോർഡിനു കീഴിൽ വരുന്ന പെൻഷൻകാർക്കും വൺ റാങ്ക് വൺ പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്നു യോഗം ആവശ്യപ്പെട്ടു.

സ്മാർട്ട് സിറ്റി നടപ്പിലാകില്ലെന്ന് ഉറപ്പായ സാഹചര്യത്തിൽ കെഎസ്ഇബിയുടെ കൈവശത്തിൽനിന്ന് നൽകിയ നൂറേക്കർ സ്ഥലം തിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് യോഗം നിർദേശിച്ചു. ബ്രഹ്മപുരത്ത് ആരംഭിക്കാനിരിക്കുന്ന ആയിരം മെഗാവാട്ടിന്റെ വാതകാധിഷ്ഠിത നിലയം പ്രവർത്തന സജ്ജമാക്കണമെങ്കിൽ നൂറേക്കർ ഭൂമി ആവശ്യമാണ്. അതിനാൽ സ്മാർട്ട് സിറ്റിക്കായി നൽകിയ സ്ഥലം തിരിച്ചെടുക്കേണ്ടത് അനിവാര്യമാണ്. 2012ഓടെ വാതക പൈപ്പ് ലൈൻ തയാറാകുമെന്നിരിക്കേ സ്ഥലം തിരിച്ചെടുക്കാനുള്ള നടപടികൾ എത്രയും വേഗം ചെയ്തില്ലെങ്കിൽ പെട്രോനെറ്റിന്റെ വാതക പൈപ്പ്ലൈൻ വഴി സംസ്ഥാനത്തിനു ലഭിക്കേണ്ട വാതകവിഹിതം നഷ്ടപ്പെട്ടേക്കുമെന്നും യോഗം ആശങ്ക രേഖപ്പെടുത്തി.

എൻ.ടി.ജോബ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ഭാരവാഹികളായ ടി.ബി.ജഗതി, ജിജി ഫ്രാൻസിസ്, ആർ.ബിജു മൊയലൻ, പി.സി.സലിൽ, സി.ആർ.തോമസ്, കെ.വേണുഗോപാലൻ, ഇ.ഡി.വർഗീസ് എന്നിവർ പ്രസംഗിച്ചു.

# TAKE CARE OF YOUR PASSPORT

Be Careful at the Indian Airports, This is a well organized conspiracy by Indian Immigration, Police, Customs and Air India staff with networking at all the Indian International Airports.. Be careful when ever you give your passport to Immigration/ Customs/Air India staff. The pass port can be easily tampered and can create trouble to you. They have found easy way of making money from NRIs. This is the way it works:

At the time of the passenger's departure, if the passenger is not looking at the officer while he is stamping the exit, the officer very cleverly tears away one of the page from the passport. When the passenger leaves the immigration counter, the case is reported on his computer terminal with full details. Now all over India they have got full details of the passenger with Red Flag flashing on the Passport number entered by the departure immigration officer. They have made their money by doing above.

On arrival next time, he is interrogated.

Subject to the passenger's period of stay abroad, his income and standing etc., the price to get rid of the problem is settled by the Police and Immigration people. If someone argues, his future is spoiled because there are always some innocent fellows who think the honesty is the basis of getting justice in India

Please advise every passenger to be careful at the airport. Whenever they hand over the passport to the counters of Air India , or immigration or the customs, they must be vigilant, should not remove eyes from the passport even if the officer in front tries to divert their attention.

Also, please pass this information to all friends, media men and important politicians. Every month 20-30 cases are happening all over India to rob the NRIs the minute he lands. Similar case has happened with Aramco's Arifuddin. He was traveling with his family. They had six passports. They got the visa of America and decided to go via Hyderabad from Jeddah. They reached Hyderabad .Stayed about a month and left for the States. When they reached the States, the page of the American visa on his wife's passport was missing. At the time of departure from Hyderabad it was there, the whole family had to return to Hyderabad helplessly. On arrival at Bombay back, they were caught by the police and now it is over 2 months, they are running after the Police, Immigration officers and the Courts. On going in to details with him, he found out the following: One cannot imagine, neither can believe, that the Indian Immigration dept can play such a nasty game to harass the innocent passengers.

All the passengers traveling to & fro India via Bombay and Hyderabad must be aware of this conspiracy. Every month 15 to 20cases are taking place, at each mentioned airport, of holding the passengers in the crime of tearing away the passport pages. On interviewing some of them, none of them was aware of what had happened. They don't know why, when and who tore away the page from the middle of the passport. One can imagine the sufferings of such people at the hands of the immigration, police and the court procedures in India after that. The number of cases is increasing in the last 2-3 years. People who are arriving at the immigration, they are questioned and their passports are being held and they have to go in interrogation. Obviously, the conspiracy started about 2 to 3 years ago, now the results are coming. Some of the Air India counter staff too is involved in this conspiracy.

*Contributed By.Er.K.Chinnan*

കവിത

# സ്വപ്നവും സത്യവും..........

Kumari Prabha Pal Raj
D/o of Er.H.Palraj , Dy CE (retd)

ഇന്നെന്റെ ഹൃത്തിൽ നിറയുന്നോരാനന്ദം
എന്നിലെ നന്മതൻ ഭാവമായ് കണ്ടു ഞാൻ
ഇന്നെന്നിൽ ചൊരിയുന്ന പ്രശംസ തൻ കിരണങ്ങൾ
എന്നിലെ സത്ത തൻ അംഗീകാരമായ് കണ്ടു ഞാൻ.
താനേ വന്നണയുന്ന സൗഭാഗ്യ സാഗരം
എൻ പൂർവ്വ പുണ്യത്തിൻ നന്മയായ് കണ്ടു ഞാൻ
സുന്ദര സന്ധ്യയും മന്ദമാരുതനും
കളഗാനം പൊഴിക്കുന്ന വിഹഗ സമൂഹവും,
ചെമ്പട്ടു വിരിച്ച മോഹനപുലരിയും
സത്യത്തിൻ നിശ്ചല സ്വരൂപമായ് ധരിച്ചു ഞാൻ.

എല്ലാമറിയുന്നെിൽ നിറയുന്ന
പരംപൊരുളെ മാത്രം എന്തോ മറന്നു ഞാൻ
എന്നിലെ മോദവും സൗഭാഗ്യങ്ങളും
നീർക്കുമിളകളാണെന്നറിയുന്നീ വേളയിൽ
നിത്യതയെന്നതും സത്യ സ്വരൂപമെന്നതും
അരൂപിയാമുണ്ടോരീശ്വര ചൈതന്യമെന്നതു
വൈകിയ വേളയിലറിയുന്നു ഞാൻ!!
വൈകാതെ നിങ്ങളുമറിയാനുരയ്പൂ ഞാൻ

## വീണ്ടുവിചാരം

"ബോർഡിന്റെ ദൈനം ദിന കാര്യങ്ങളിലും നടത്തിപ്പിലും ഒന്നും മുഖ്യമന്ത്രിയോ വകുപ്പു മന്ത്രിയോ മന്ത്രിഓഫീസിലെ സെക്രട്ടറിമാരോ ജീവനക്കാരോ ഇടപെട്ടിരുന്നേയില്ല. ഒരു പൊതു മേഖലാ സ്ഥാപനമെന്ന നിലയിൽ വൈദ്യുതി ബോർഡ് രൂപീകരിച്ചതു തന്നെ ഡിപ്പാർട്ടുമെന്റ് ആകുമ്പോഴുള്ള തടസങ്ങളും കാലതാമസവും ഒഴിവാക്കുന്നതിനു വേണ്ടിയായിരുന്നല്ലോ. ആ നിലയ്ക്ക് ബോർഡിനെ 'പ്രൊഫഷണലായി' നടത്തികൊണ്ടു പോകുന്നതിന് നിഷ്കർഷിക്കുകയാണ് മുഖ്യമന്ത്രിയും വകുപ്പു മന്ത്രിയുമൊക്കെ ചെയ്തിരുന്നത്. ഗവൺമെന്റിലെ നയപരമായ കാര്യങ്ങൾ ബോർഡധികാരികളെ അറിയിക്കേണ്ടതുണ്ടെങ്കിൽ, ക്ഷണിക്കുമ്പോഴല്ലാതെ, വകുപ്പ്മന്ത്രിയേയും മുഖ്യമന്ത്രിയേയും ബോർഡുചെയർമാനോ, മെമ്പർമാരോ ചെന്നു കാണുന്നതുപോലും അവർ ഇഷ്ടപ്പെട്ടിരുന്നില്ല. ഇടുങ്ങിയ രാഷ്ട്രീയത്തിനും വില കുറഞ്ഞ പ്രചാരണത്തിനും രാഷ്ട്രീയ വിഭവ സമാഹരണത്തിനും ബോർഡിനെ അന്ന് ഉപയോഗിച്ചിരുന്നില്ല. അന്ന് മുഖ്യമന്ത്രി ഇ.എം.എസും വകുപ്പുമന്ത്രി എം.എൻ. ഗോവിന്ദൻ നായരുമായിരുന്നു. ഇത്തരം നല്ല ആരോഗ്യകരമായ ഒരു സാഹചര്യം നിലനിന്നിരുന്നതു കൊണ്ട്, വേണ്ടകാര്യങ്ങൾ ശ്രദ്ധാപൂർവം ചെയ്യാൻ ബോർഡിന്റെ ഭരണാധികാരികൾക്ക് അന്നു കഴിഞ്ഞിരുന്നു..... "

(കെ.ആർ.ഉണ്ണിത്താൻ (O.A.സ്ഥാപക നേതാവ്) സെപ്തംബർ ലക്കം വിദ്യുത് തരംഗം കവർസ്റ്റോറിയിൽ).

# വോൾട്ടേജിൽ നിന്ന് കറന്റുണ്ടാവുന്നു കറന്റിൽ നിന്ന് വോട്ടുണ്ടാവുന്നു. വോട്ടിൽ നിന്ന് ചോർച്ചയുണ്ടാവുന്നു.

Er.എൻ.ടി.ജോബ്

രണ്ടറ്റവും ചേർത്തു വായിച്ചാൽ വോൾട്ടേജിൽ നിന്ന് ചോർച്ചയുണ്ടാവുന്നു. വോട്ട് ലക്ഷ്യം വെച്ച് കാര്യങ്ങളോരോന്നും നടപ്പിലാക്കിയാൽ സിസ്റ്റത്തിന്റെ വളർച്ച പടവലങ്ങ പോലെ താഴോട്ടിരിക്കുമെന്നതിന്റെ ദൃഷ്ടാന്തമാണ് കഴിഞ്ഞ വർഷങ്ങളിലെ ആസൂത്രണ പ്രക്രിയയുടെ ബാക്കി പത്രം. രണ്ടു ശതമാനം പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുവാൻ കച്ചകെട്ടിയിറങ്ങിയിട്ട് അര ശതമാനം പോലും കുറയ്ക്കുവാനായില്ലെന്നത് നമുക്കോരോരുത്തർക്കും നാണക്കേടാണ്.

ഒരു ഭാഗത്ത് സമ്പൂർണ്ണ വൈദ്യുതീ കരണമെന്ന വോട്ട് ബാങ്ക് സാങ്കേതികവിദ്യ വഴി കിലോമീറ്ററുകളോളം നീളത്തിൽ സിംഗിൾ ഫൈസ് ലൈനുകൾ വലിച്ചു നീട്ടുകയും മറുഭാഗത്ത് പ്രസരണ-വിതരണനഷ്ടം കുറയ്ക്കണമെന്നും പറയുമ്പോൾ രണ്ടിനും തലയാട്ടുന്ന നമ്മൾ ചെയ്യുതെന്തിനാണെന്ന് ഓർക്കുന്ന പോലുമില്ല, ഒഴുക്കിനൊത്ത് നീന്തൽ മാത്രം.

വോൾട്ട് വോട്ടാക്കി മാറ്റുവാൻ നടത്തിയ വോൾട്ടേജ് അദാലത്തിലും സ്ഥിതി വ്യത്യസ്ഥമായിരുന്നില്ല, ആരൊക്കെവോൾട്ടേജ് കുറവു പറഞ്ഞുവോ അവിടെയെല്ലാം ട്രാൻസ് ഫോർമർ സ്ഥാപിച്ചു കൊടുത്ത് വോട്ടും വോൾട്ടേജും ഭദ്രമാക്കി.

ഒരു അസംബ്ലി മണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിക്കുവാൻ നൂറു കിലോമീറ്ററെ ങ്കിലും സിംഗിൾ ഫൈസ് ലൈൻ വലിക്കേണ്ട തായിവരും.ഇനിയും ബാക്കിയുള്ള നിയോജക മണ്ഡലങ്ങൾകൂടി സമ്പൂർണ്ണമായി വൈദ്യുതീ കരിക്കണമെങ്കിൽ പതിനായിരം കിലോ മീറ്റർ നീളത്തിൽ ലൈനുകൾ വലിക്കേണ്ടതായി വരും. ഈ ലൈനുകൾ വലിച്ചു നീട്ടുമ്പോൾ ഒരു കിലോമീറ്റർ ലൈനിന് ശരാശരി മൂന്നു കിലോവാട്ടിന്റെ നഷ്ടം വരും. അതും കറന്റ് കൊണ്ടുപോകുന്നത് മുയലാണെങ്കിൽ (Rabbit). അതല്ല കീരിയാണ് (wheasel) കൊണ്ടു പോകുന്നതെങ്കിൽ അഞ്ചു കിലോവാട്ടും അണ്ണാറക്കണ്ണനെ (squirrel) ഏല്പിച്ചാൽ ഏഴു കിലോവാട്ടും നഷ്ടം വന്നേക്കാം.

മൊത്തമായി മുയലാണ് നമ്മുടെ താരമെന്ന നിലയ്ക്ക് മുപ്പതു മെഗാവാട്ടിന്റെ വിതരണനഷ്ടംവന്നുഭവിക്കും. ഈ വിഹിതവും കൂടി ചേരുമ്പോൾ വിതരണനഷ്ടം വീണ്ടും കൂടുവാനുള്ള സാധ്യത വന്നുചേരും. വിതരണ രംഗത്ത് പൊതുവെ സസ്യഭുക്കു കളെയാണ് കറന്റ് കൊണ്ടു പോകുവാനായി ഉപയോഗിക്കു ന്നത്. അതുകൊണ്ട് കുറച്ചു ആരോഗ്യ പ്രശ്നങ്ങളുണ്ട്. കരടി (Raccoon), മുയൽ (Rabbit), കീരി (Squirrel) ഇവർക്കൊക്കെ നട്ടെല്ലുള്ളതുകൊണ്ട് പെട്ടെന്ന് വീഴാറില്ല. എന്നാൽ അട്ടയെപോലെ വേറൊന്നുണ്ട്., അതിന് നട്ടെല്ലില്ലാത്തതുകൊണ്ട് ആരെ കണ്ടാലും അവരോടൊപ്പം പോകും; അങ്ങിനെ യുള്ള അട്ടകൾ നിറഞ്ഞുനില്പുണ്ട്. അവരെ വിശ്വസിക്കാൻ കൊള്ളില്ല. അവരെ ഒഴിവാക്കി യെ മതിയാവൂ. അത് മറ്റാരുമല്ല ഓൾ അലുമിനിയം കമ്പികൾ.

ഈ സസ്യഭുക്കുകളെല്ലാം പാവങ്ങ ളാ ണെന്ന് അറിയാമല്ലോ. അവർ വഴിയിൽ കാണുന്നവരോടൊക്കെ വർത്തമാനം പറഞ്ഞാണ് പോകുന്നത്. അങ്ങിനെ പോകുമ്പോൾ തുടക്കത്തിൽ പറഞ്ഞ ➲

കാര്യങ്ങളൊക്കെ കുറെ മറന്നുപോകും. അതിനെ നമ്മൾ വിതരണനഷ്ടം എന്നു പേരിട്ടു വിളിക്കും.

എന്നാൽ പ്രസരണ രംഗത്തുള്ളവരെല്ലാം തനി പോക്കിരികളാണ്. വളരെ ഗൗരവ പ്രകൃതക്കാരാണ്, അവർ വഴിയിൽ കാണുന്നവരോട് വർത്തമാനം പറയുതുപോയിട്ട് ഒന്ന് ചിരിക്കുക പോലും ചെയ്യില്ല. അതുകൊണ്ട് ഉള്ളിലുള്ള വിവരങ്ങളൊന്നും പുറത്തു പോവില്ല. അത് കാരണം നഷ്ടവും കുറയും. അതാരൊക്കെയാണെന്ന് അറിയാമല്ലോ; നായ (Dog), ചെന്നായ് (Wolf) പുലി (Tiger), കടുവ (Panther) എന്നിവരാണവർ. അവർ വഴിയിൽ കാര്യമായ നഷ്ടങ്ങളൊന്നുമില്ലാതെ കറന്റിനെ എത്തേണ്ടിടത്ത് എത്തിക്കും, അതാണ് പ്രസരണ നഷ്ടം കുറയുന്നത്.

സാധാരണക്കാർക്ക് വൈദ്യുതിയെത്തിക്കുന്ന സമ്പൂർണ്ണ വൈദ്യുതീകരണത്തെ ഒരു തെറ്റായി കാണേണ്ട കാര്യമില്ല. സാമൂഹ്യ പ്രതിബദ്ധതയുള്ള സ്ഥാപനമെന്ന നിലയിൽ കെ.എസ്.ഇ.ബി അതു നടത്തുവാൻ ബാധ്യസ്ഥവുമാണ്. പക്ഷെ ഇതോടൊപ്പം വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾകൂടി കൃത്യമായി നടപ്പിലാക്കണം. ഇതിന് ഏറ്റവും ലാഭകരമായി ബോർഡ് കണ്ടെത്തിയിരിക്കുന്നത് സിംഗിൾ ഫൈസ് ലൈനുകൾ ത്രീ ഫൈസാക്കി മാറ്റുക എന്നുള്ളതാണ്. ഇത് ശരിയുമാണ്. ഇങ്ങിനെ മാറ്റുമ്പോൾ മൂന്നു കിലോവാട്ട് എന്ന വിതരണനഷ്ടം അര കിലോവാട്ട് മാത്രമായി ചുരുങ്ങും.

സമ്പൂർണ്ണ വൈദ്യുതീകരണം ഊർജ്ജിതമായി നടത്തുമ്പോൾ തന്നെ സിംഗിൾ ഫൈസ് ലൈനുകൾ ത്രീഫൈസാക്കി മാറ്റേണ്ടത് അനിവാര്യമാണ്. പതിനായിരം കിലോമീറ്റർ നീളത്തിൽ സിംഗിൾ ഫൈസ് ലൈൻ വലിക്കുമ്പോൾ പതിനയ്യായിരം കിലോമീറ്റർ കൺവേർഷൻ നടത്തണം. എങ്കിൽ മാത്രമെ ബാലൻസ് ആവുകയുള്ളൂ.

ഈ രണ്ടു കാര്യങ്ങളും സംസ്ഥാന അടിസ്ഥാനത്തിൽ ചെയ്തു തീർക്കുവാൻ പുതിയ ആഫീസുകൾ ആവശ്യമാണ്. സമ്പൂർണ്ണ വൈദ്യുതീകരണം വോട്ട് ലഭിക്കുന്ന പരിപാടിയായതു കൊണ്ട് അതിനു പുതിയ ആഫീസുകൾ വേഗത്തിൽ തന്നെ വന്നേക്കാം. എന്നാൽ ബോർഡിനുവേണ്ടതായ വിതരണ നഷ്ടം കുറയ്ക്കുന്ന പദ്ധതികൾക്കായി പുതിയ ആഫീസുകളൊന്നും വരില്ലെന്നു മാത്രമല്ല അതിന് തക്കതായ താല്പര്യം ബോർഡ് കൊടുക്കുകയുമില്ല. അവസാനം വിതരണ നഷ്ടം കുറഞ്ഞില്ലെന്ന വിലാപഗാനം മൂന്ന് പ്രാവശ്യം പാടും.

ഒരു കിലോമീറ്റർ കൺവേർഷൻ ചെയ്യുമ്പോൾ ഒരു ദിവസം അറുപത് യൂണിറ്റ് വൈദ്യുതി അഥവാ ഇരുനൂറ്റിയമ്പതു രൂപ പ്രതിദിനം ലാഭിക്കുവാനാകും; ഒരു വർഷം ഏകദേശം ഒരു ലക്ഷം രൂപ. നമ്മൾ ഓരോരുത്തരും ഈയൊരു സൽക്കർമ്മത്തിനായി താല്പര്യം കാണിച്ചാൽ നമുക്കു നല്കുന്ന ശമ്പളത്തിന് ഒരു തിരിച്ചടവായി കണക്കാക്കാം.

സ്റ്റാർ റേറ്റിംഗുള്ള ട്രാൻസ്ഫോർമറുകൾ വരുന്നതോടുകൂടി ട്രാൻസ് ഫോർ മറിലുണ്ടാകുന്ന നഷ്ടം കുറയും.

ഒരുപാടു മേഖലകളിൽ വിതരണനഷ്ടം കുറയ്ക്കുവാനുള്ള നടപടികൾക്ക് സാധ്യതകളുണ്ടെന്നത് തുടക്കക്കാരായ നമുക്കു വളരെയധികം വഴികൾ വഴിത്താരയാക്കി മാറ്റാം.

ഗാർഹിക ഉപഭോക്താക്കളുടെ പവർ ഫാക്ടർ 0.6ൽ താഴെയാണ്. ഇത് വിതരണനഷ്ടം കൂടുന്ന സംഗതിയാണ്. ഇലക്ട്രോണിക് ഉപകരണങ്ങൾ മൂലമുണ്ടാകുന്ന ഹാർമോണിക് തരംഗങ്ങൾ വിതരണനഷ്ടമുണ്ടാക്കുന്ന മേഖലയായി മാറികഴിഞ്ഞു.

എല്ലാത്തിനെയും വോട്ടാക്കി മാറ്റണമെന്ന ശാഠ്യം ഒഴിവാക്കിയാൽ കുറെയേറെ മാറ്റങ്ങൾ നമ്മുടെ വൈദ്യുതിശ്രംഖലയിൽ നടപ്പാക്കുവാൻ കഴിയും.

# ചിരിക്കണം

Er.കെ.ശശിധരൻ, കണ്ണൂർ യൂണിറ്റ്

മനുഷ്യന്റെ ലക്ഷ്യം സന്തോഷകരമായ ജീവിതമാണ്. അതിനായി അവൻ എന്ത് ത്യാഗത്തിനും തയ്യാറാണ്. ആനന്ദകരമായ ജീവിതത്തിന് മരിക്കാനും തയ്യാറാണെന്ന് തമാശ പറയാറുണ്ട്. ഫലിതമാണെങ്കിലും പറഞ്ഞതില ടങ്ങിയ കാര്യം സത്യമാണ്.

ദുഃഖമാർഗ്ഗത്തിൽ കൂടി പോയാലെ ചെല്ലൂ
ദുഃഖമൊരല്പം പോലും തീണ്ടാത്ത
സാമ്രാജ്യത്തിൽ.

ദുഃഖമില്ലാത്ത ലോകത്ത് എത്തിച്ചേരാൻ ആവശ്യമെങ്കിൽ ദുഃഖമനുഭവിക്കാൻ തയ്യാറാകണമെന്ന കവി സന്ദേശത്തിന്റെ പൊരുളും മറ്റൊന്നല്ല. തിരക്ക്പിടിച്ച ജീവിത ഓട്ടത്തിനിടയിൽ ഒന്ന് നിൽക്കാൻ പറ്റാതെ കിതക്കുന്നവന് മനസ്സിന് തുറന്ന് ചിരിക്കാനായി എന്തെങ്കിലും വക കിട്ടിയാൽ വളരെ ആശ്വാസമാണ്. മനസ്സിന് സന്തോഷവും വിശ്രമവും കിട്ടും. എന്നാൽ അങ്ങനെയുള്ള അവസരത്തിലും അനാവശ്യ പിരിമുറുക്കത്തിന് അടിമയാകുന്നു. മുന്നിലെത്തിയ ആഹ്ലാദ നിമിഷങ്ങളെ അവഗണിച്ച് അതിലൊതു ങ്ങുന്നു. അതിന്റെ ഫലമായി പ്രവർത്തന ത്തിന്റെ കാര്യക്ഷമത കുറയുന്നു; മാത്രമല്ല പല രോഗങ്ങൾക്കും വഴിയൊരുങ്ങുകയും ചെയ്യുന്നു.

എന്താണ് ഈ അവസ്ഥക്ക് കാരണം. എന്തുകൊണ്ട് വർത്തമാന നിമിഷത്തിൽ ജീവിക്കാൻ പറ്റുന്നില്ല. ഒരു സമയത്ത് തന്നെ പല കാര്യങ്ങൾ മനസ്സിൽ കൊണ്ടുവരികയും ഒന്നിനും പരിഹാരം കാണാൻ സാധിക്കാതി രിക്കയും ചെയ്യുന്നതുകൊണ്ടാണ് ഈ ദുരവസ്ഥ.

കഴിഞ്ഞൊരു ദിവസം റെയിൽവേ അന്വേഷണ കൗണ്ടറിലെ അനുഭവം.

അന്വേഷണത്തിനായി നീണ്ട നിര. അക്ഷമരായി നിരയിലെ ഓരോ ആളും മുന്നിലെ വ്യക്തിയുടെ അന്വേഷണം ശ്രദ്ധി ക്കുകയാണ്. തികച്ചും അരോചകം തോന്നുന്ന ചോദ്യങ്ങൾ. ചോദ്യങ്ങളുടെ ആവർത്തനങ്ങൾ. വ്യത്യസ്ഥമായിരുന്നു അടുത്തയാളുടെ അന്വേഷണം. അതിന് ശേഷം അടുത്തയാൾ..ശേഷം വേറൊരാൾ ക്യൂവിലുള്ളവർക്ക് വിരസത അനുഭവപ്പെട്ടു. അവരുടെ ക്ഷമ നശിക്കയാണ്. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥൻ എല്ലാവരുടെ ചോദ്യങ്ങൾക്കും ചിരിച്ചുകൊണ്ടു തന്നെ മറുപടി പറഞ്ഞു. അദ്ദേഹത്തിന്റെ ഡ്യൂട്ടി സമയം അവസാനിച്ചു. പകരക്കാരൻ വന്നു. അദ്ദേഹം കൗണ്ടറിൽ നിന്നും പ്രത്യേകിച്ചൊന്നും സംഭവിക്കാത്ത മട്ടിൽ പുഞ്ചിരിച്ചു കൊണ്ട് പുറത്തിറങ്ങി. ക്യൂവിലുണ്ടായിരുന്ന ഒരാൾ അദ്ദേഹത്തെ സമീപിച്ചിട്ട് ചോദിച്ചു.

'സാർ, ഒരു സംശയം'

എന്താണ്?

'ഇത്രയും വിരസമായ വിവിധങ്ങളായ ചോദ്യങ്ങൾക്ക് സാറെങ്ങിനെയാണ് അക്ഷോഭ്യനായി മറുപടി പറയുന്നത്? എങ്ങിനെ ശാന്തനായി ചിരിച്ചുകൊണ്ട് കൗണ്ടറിൽ നിന്നും പുറത്തിറങ്ങാൻ സാധിക്കുന്നു'?

ചിരിച്ചു കൊണ്ടു തന്നെ ആ ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു.

'ഞാനെന്തിന് ക്ഷോഭിക്കണം? എനിക്കെന്താണ് പ്രശ്നം? എന്റെ മുന്നിൽ അന്വേഷണത്തിനായി ഒരു വ്യക്തി മാത്രമേ യുള്ളൂ. അയാൾ എന്ത് ചോദിച്ചാലും എനിക്കറിയുന്നത് പറയും. അയാൾ പോയാൽ മാത്രമേ അടുത്തയാൾ വരുന്നുള്ളൂ. അതിന് ശേഷം അടുത്തയാൾ. ചിരിച്ചു കൊണ്ട് ആ ഉദ്യോഗസ്ഥൻ നടന്നു നീങ്ങി.

ഇതു തന്നെ തന്ത്രം

നമ്മുടെ മുന്നിൽ ഒരു സമയം ഒരു പ്രശ്നമേയുള്ളൂ. അതിനെ ക്ഷമയോടെ, സന്തോഷത്തോടെ നേരിടുക. അതിന് ശേഷം അടുത്തത്..പ്രശ്നം ബാക്കി ഒന്നുമില്ല. ഒരു സമയത്ത് ധാരാളം കാര്യങ്ങൾ മനസ്സിലേക്ക് കൊണ്ടു വരരുത് .ഒരു കാര്യം മാത്രം മനസ്സിന് പിരിമുറുക്കമില്ല. അശാന്തിയില്ല. മാത്രമല്ല നിമിഷങ്ങളെ ആവോളം ആസ്വദിക്കാനും സാധിക്കുന്നു.

കൊച്ചുകുട്ടികൾ ആവശ്യത്തിനും അനാവശ്യത്തിനും ചിരിക്കുന്നതു കാണാം. ശ്രദ്ധിച്ചാൽ ചിരിക്കാനുള്ള ഒരു വകയും മുതിർന്നവർക്ക് കാണാൻ സാധിക്കില്ല. എങ്കിലും കുട്ടികളുടെ നിഷ്കളങ്ക മനസ്സിനെ ആനന്ദിപ്പിക്കാൻ ആ നിമിഷത്തിന് സാധിക്കുന്നു. അതാണ് അവർ ചിരിക്കുന്നത്. മുതിർന്നവരും ആ തലത്തിലേക്ക് വന്നാലെ അവർക്ക് ചിരിക്കാൻ സാധിക്കൂ.

സ്വയം ചിരിച്ച് മറ്റുള്ളവരെ ചിരിപ്പിച്ച് സന്താഷത്തോടെ ജീവിച്ച് മുന്നേറാൻ കിട്ടുന്ന ഒരവസരവും പാഴാക്കരുത്.

# ലക്ഷ്യം

*Er.T.B.Jagathy*

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കമ്പനിയാകുന്നതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. ഈപ്രവർത്തനങ്ങളിൽ ബോർഡിനോ, ജനങ്ങൾക്കോ, ജീവനക്കാർക്കോ ഗുണപ്രദമായ വ്യവസ്ഥകളെക്കാൾ പരാദങ്ങളായ വ്യവസ്ഥാപിത താല്പര്യക്കാരുടെ ഉദ്ദേശ്യങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. കമ്പനിവല്ക്കരണത്തിന്റെ ഭാഗമായ ബോർഡിന്റെ ആസ്തികൾ കണക്കാക്കിയതുതന്നെ ശരിയായ രീതിയിൽ ആയിരുന്നില്ല. അതുപോലെ കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ ഘടനയിൽ മാറ്റമൊന്നും വരുത്തുന്നില്ല. എന്നാൽ കമ്പനി രജിസ്റ്റർ ചെയ്യുമ്പോൾ അതിന്റെ ഓഹരികൾ നിക്ഷിപ്തമാക്കുന്നത്, ചെയർമാൻ, ഫൈനാൻസ് മെമ്പർ, പൊളിറ്റി ക്കൽ മെമ്പർ എന്നിവരിൽ മാത്രം ഒതുക്കുന്നു. ബോർഡിന്റെ ഉദ്യോഗസ്ഥരാണ് മെമ്പർ ജനറേഷൻ, മെമ്പർ ട്രാൻസ്മിഷൻ, മെമ്പർ ഡിസ്ട്രിബ്യൂഷൻ എന്നീസ്ഥാനങ്ങൾ അലങ്കരിക്കുന്നത്. എന്നാൽ ആസൂത്രിതമായി ഈ മൂന്ന് സ്ഥാനക്കാരെയും ഒഴിവാക്കാനുള്ള ശ്രമത്തിലാണ്. മറ്റു മൂന്ന് പേരും ഈ സ്ഥാപനവുമായി പൊക്കിൾകൊടി ബന്ധമില്ലാത്തവരാണ്. അവർക്ക് ഈ സ്ഥാപനം ഒരു താല്ക്കാലിക സംവിധാനം മാത്രമാണ്, അവരുടെ പ്രവർത്തന കാലാവധി തീർന്നാൽ തിരിച്ച് അവരുടെ സർവീസിലേക്ക് പോകാം. ബോർഡിന്റെ സ്ഥിരതയോ, ഉയർച്ച- താഴ്ചകളോ അവരെ ബാധിക്കുന്നില്ല. ഇതിന്റെ മറ്റൊരു വശം എല്ലാ തീരുമാനങ്ങളിലും ആദ്യ മൂന്നുപേർക്കാണ് പ്രാധാന്യം, മറ്റു മൂന്നുപേരും വെറും നോക്കുകുത്തികൾ. എന്നാൽ മറ്റൊരു ലാവലിനോ, ജി സ്പെക്ട്രമോ സംഭവിക്കു മ്പോൾ, ജയിലിൽ പോകാനോ കത്തിക്കാനോ ഉപകരിക്കുന്നവരായി മാറുന്നു ഇവർ. ആയതിനാൽ കമ്പനിയുടെ ഓഹരികൾ ചെയർമാൻ, ഉത്പാദന, പ്രസരണ, വിതരണ, സാമ്പത്തിക മെമ്പർമാരിൽ നൽകേണ്ടതാണ്. ഇതിനു വേണ്ടി ബോർഡിലെ എല്ലാം സംഘടനകളും പരിശ്രമിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

മാർക്സ് എന്ന സൈദ്ധാന്തികൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു കാര്യം പറയുകയുണ്ടായി, 'കമ്യൂണിസമെന്നാൽ വൈദ്യുതി'. വൈദ്യുതിയാണ് ഈ കാലഘട്ടത്തിന്റെ അടിസ്ഥാന ഉൽപന്നം. അതിന്റെ ലഭ്യത നിർലോഭമായി നല്കുവാൻ ഏതൊരു ഭരണകൂടത്തിനും കഴിയണം; എങ്കിലേ ഇവിടെ പുരോഗതിയുണ്ടാകൂ.

കേരളത്തിന്റെ ഇന്നത്തെ പരിതഃസ്ഥിതിയിൽ, ജലവൈദ്യുതിനിലയം, കൽക്കരിയാൽ നിർമ്മിക്കുന്ന വൈദ്യത നിലയം, ആണവനിലയം എന്നിവ അസാധ്യമാണ്, ആയതിനാൽ നാലാമതൊരു മാർഗമെന്നത് പെട്രോളിയം അടിസ്ഥാനമാക്കിയുള്ള വൈദ്യുതി നിലയമാണ്. നമുക്ക് വിഴിഞ്ഞവും, വൈപ്പിനും, സ്മാർട്ട് സിറ്റിയും വരുമ്പോൾ കൂടുതൽ വൈദ്യുതി ആവശ്യമാണ്. ആയതിനാൽ കൊച്ചിയിലെ LNGയുടെ ലഭ്യതയ്ക്ക് അനുസരിച്ച് LNG അടിസ്ഥാനമായുള്ള ഒരു നിലയത്തിന് ശ്രമങ്ങൾ യുദ്ധകാലാടി സ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതാണ്. ഇന്നത്തെ അവസ്ഥയിൽ ബ്രഹ്മപുരവും, കോഴിക്കോട് ഡീസൽ നിലയവും LNG അടിസ്ഥാനമാക്കി മാറ്റാൻ കഴിയും;അതിനു വേണ്ട ആസൂത്രണവും പൂർത്തീകരണവും വേഗത്തി ലാക്കണം. ഇതിന് കേന്ദ്ര ഗവൺ

# മടിയന്മാരുടെ ലോകം

*Er.വി.രാജൻ*

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ തൊഴിലില്ലായ്മയും അതിനോടനുബന്ധിച്ച ദാരിദ്ര്യവും ഒരു വലിയ പ്രശ്നമായിരുന്നു. അന്നത്തെ സിനിമ-നാടകങ്ങളിൽ ഇതൊരു പ്രധാന ഘടകവുമായിരുന്നു. 'നോ വേക്കൻസി' യെന്നുള്ള ബോർഡ് പല സ്ഥാപനങ്ങളും ഗേറ്റിൽ തന്നെ സ്ഥിരമായി പതിച്ചിരുന്നു. അഭ്യസ്ഥ വിദ്യരും അല്ലാത്തവരും ഒരു ജോലിക്കായി ഭഗീരഥ പ്രയത്നമാണ് നടത്തിയിരുന്നത്. തൊഴിലില്ലായ്മ പ്രശ്നത്തിന്റെ പേരിൽ, യൂണിവേഴ്സിറ്റി ബിരുദദാന ചടങ്ങിൽ വച്ച്, സർട്ടിഫിക്കറ്റുകൾ കീറിക്കളഞ്ഞ സംഭവങ്ങൾ ഉണ്ടായി; അങ്ങനെയാണ് യൂണിവേഴ്സിറ്റി കാവോക്കേഷൻ ചടങ്ങ് അവസാനിപ്പിക്കാൻ തീരുമാനിച്ചത്.) നമ്മുടെ നാടിന്റെ പ്രത്യേകതകൾ (സംരംഭത്ത്വബ്വര കുറഞ്ഞ സമൂഹം) കൊണ്ടും മറ്റു ചില കാരണങ്ങൾ കൊണ്ടും ജോലി സാദ്ധ്യതകൾ തുലോം കുറഞ്ഞു.; അതേ സമയം തൊഴിലന്വേഷകർ വളരെയധികം വർദ്ധിക്കുകയും ചെയ്തു. ഈ സ്ഥിതി ഏതാണ്ട് 1990 വരെ നിലനിന്നു. ഇതിനിടയ്ക്ക് കുറെപേർ, ക്രൂഡോയിൽ വിലകൊണ്ട് പുഷ്ടിപ്പെട്ട, ഗൾഫ്രാജ്യങ്ങളിൽ പോയി രക്ഷപ്പെട്ടു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ, ആഗോളവല്ക്കരണത്തിന്റെ ഫലമായി പല മേഖലയിലും, വിശേഷിച്ചും സേവന-വിവര സാങ്കേതിക മേഖലയിൽ അപ്രതീക്ഷിതമായി ധാരാളം തൊഴിൽ സാദ്ധ്യതകൾ ലഭ്യമായി. നമ്മുടെ സംസ്ഥാനത്തിന്റെ ആസ്തിയായ അഭ്യസ്ഥ വിദ്യരായ യുവജനങ്ങൾക്ക് ഇതൊരു വലിയ അനുഗ്രഹമായി; ആരുടെയെങ്കിലും സ്ഥാപനത്തിൽ തടികേടാക്കാതെ ജോലി ചെയ്യുകയെന്നുള്ള നമ്മുടെ സ്വഭാവത്തിന് വളരെ യോജിച്ച ഒരു രീതി ആയിരുന്നല്ലോ ഇത്. പുതിയ മാനവശേഷി കാഴ്ചപ്പാടുകളുമായി വന്ന വിദേശ കമ്പനികൾ ശമ്പളത്തിന്റെ കാര്യത്തിൽ നമ്മുടെ നിലപാടുകൾക്കും അപ്പുറത്താണ് ചിന്തിച്ചിരുന്നത്. അതുകൊണ്ടു തന്നെ നമ്മുടെ വ്യവസായങ്ങളും മറ്റ് സ്ഥാപനങ്ങളും ➲

---

മെന്റിന്റെ ധനസഹായവും ലഭ്യമാണ്, ആയതിനാൽ ഈ ജോലി രണ്ടു വർഷത്തിനുള്ളിൽ പൂർത്തീകരിക്കണം. കാരണം പെട്രോനെറ്റിന്റെ വാതക പൈപ്പ്ലൈൻ 2012ന് കമ്മീഷൻ ചെയ്യും, ആ സമയത്ത് ഏത് സ്ഥാപനമാണോ വാതകം സ്വീകരിക്കുന്നതിന് സന്നദ്ധമായിരിക്കുന്നത് അവരുമായിട്ടായിരിക്കും അവർ കരാറിൽ ഏർപ്പെടുന്നത്. ഈ കരാർ 25 വർഷത്തേക്കായിരിക്കും നൽകുന്നത്. അതിനാൽ ബോർഡിന്റെ ആസൂത്രണവും പ്രവർത്തനവും ആ മാർഗ്ഗത്തിലാകുന്നതിനും പൂർത്തീകരിക്കുതിനുമാകട്ടെ. ബ്രഹ്മപുരം നിലയം വികസിപ്പിക്കുന്നതിനുള്ള നടപടി അതിവേഗം നടത്തിയെങ്കിൽ മാത്രമെ കാലത്തിനനുസരിച്ച് നമുക്കു മുന്നേറുവാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ സ്മാർട്ട് സിറ്റിക്കായി നീക്കി വെച്ച കെ.എസ്.ഇബിയുടെ നൂറ് ഏക്കർ സ്ഥലം തിരിച്ചെടുക്കേണ്ടത് അനിവാര്യമാണ്. ഇല്ലെങ്കിൽ സ്ഥല പരിമിതി മൂലം ബ്രഹ്മപുരം നിലയത്തിന്റെ വികസനം നടക്കാതെ പോയെന്നുവരാം. ആയതുകൊണ്ട് ബോർഡ് ഏക മനസ്സോടെ ഇതിനുവേണ്ടി പ്രവർത്തിക്കണം. നദികളും വെള്ളച്ചാട്ടങ്ങളും പൈതൃക സ്വത്തുക്കളായി മാറുമ്പോൾ ജലവൈദ്യുതി പദ്ധതികൾക്ക് സാധ്യത വിരളമായ അവസരത്തിൽ എൽ.എൻ.ജി. പദ്ധതികൾ സംസ്ഥാനം ഒറ്റക്കെട്ടായി നേടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

✵

ആവശ്യത്തിന് ജീവനക്കാരെ കിട്ടാതെ വിഷമിച്ചു. അതിന്റെ ഫലമായി കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിൽ ജോലി യുമായി ബന്ധപ്പെടുത്താതെ, പല ഗുണ ങ്ങളും ജീവനക്കാർക്ക് ലഭിച്ചു.

ഇതൊക്കെ കൊണ്ട് സമൂഹത്തിൽ പണത്തിന്റെ ലഭ്യത വളരെ കൂടി. അതു കൊണ്ടു തന്നെ ധാരാളം തൊഴിൽ സാദ്ധ്യത കളും ലഭ്യമായി. പക്ഷെ എന്തുകൊണ്ടോ തൊഴിലിന് ആവശ്യക്കാരില്ലാതായി; വിശേഷി ച്ചും ആയാസകരമായ ജോലിയ്ക്ക് .ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഈ പ്രതിഭാസം തുടങ്ങി. നിർമ്മാണമേഖലയിൽ കുടിയേറ്റ തൊഴിലാളികളാണ് എല്ലാ പണികളും ചെയ്യുന്നത്. കൃഷിപണിക്ക് ആളിനെ കിട്ടാത്ത താണ് കർഷകരുടെ പ്രശ്നം. 350-400 രൂപ കൊടുത്താൽ പോലും കൂലിവേലയ്ക്ക് ആളിനെ കിട്ടുന്നില്ല. അതുകൊണ്ട് കാർഷിക മേഖലയും അനുബന്ധ മേഖലകളും തകർന്നു. ഇതിനിടക്ക് തല്പര കക്ഷികൾ മണ്ണിലും ചെളിയിലും വയലിലും പണി ചെയ്താൽ എലിപ്പനി, സെപ്ക്ടിക് മുതലായ ആരോഗ്യ പ്രശ്നങ്ങളുണ്ടാകുമെന്ന് പ്രചരിപ്പിച്ചു. അങ്ങനെ ഉല്പാദനം കാര്യമായി കുറഞ്ഞു. ഇത് ആ മേഖലയിൽ പല പ്രയാസങ്ങളും സൃഷ്ടിക്കുന്നുണ്ട്. അടുത്തകാലം വരെ കർഷകരുടെ ആത്മഹത്യ ഗവൺമെന്റുകൾക്ക് ഒരു പ്രശ്നമായിരുന്നു; കർഷക കടാശ്വാസം പദ്ധതികളൊക്കെ നടപ്പിലായപ്പോൾ കുറെ ആശ്വാസം കർഷകർക്ക് ലഭ്യമാകുന്നുണ്ട്. പക്ഷേ ഉല്പാദനം കൂടുന്നില്ല.

ഇതിനിടയ്ക്കാണ് ഈ വർഷത്തെ സാമ്പത്തിക ശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം പ്രഖ്യാപിച്ചത്. കേരളത്തിൽ നിലനില്ക്കുന്ന, നേരത്തേ പറഞ്ഞ പ്രതിഭാസ ത്തെക്കുറിച്ചുള്ള പഠനത്തിനാണ് സമ്മാനം നല്കിയത്; സമൂഹത്തിൽ ധാരാളം ജോലികളുണ്ട്, അതുപോലെ തൊഴിലില്ലാത്ത വരുമുണ്ട്, പക്ഷേ ജോലി ചെയ്യാൻ ആളില്ല. ഈ പ്രതിഭാസം തുടങ്ങിയത് ഇവിടെയാണ്., പക്ഷേ ഇതിപ്പോൾ ഒരു ആഗോള പ്രതിഭാസ മായിരിക്കുകയാണ്. സമൂഹത്തെ ഒരു തരം മടി ബാധിച്ചിരിക്കുകയാണ്. നമ്മുടെ കൊച്ചു കേരളത്തിൽ എവിടെ നോക്കിയാലും സെയിൽസ് ബോയ്സ്/ഗേൾസിനെ ആവശ്യ മുണ്ടെന്നുള്ള പരസ്യം കാണാം. ഇന്നിപ്പോൾ ഒരു സിനിമ-നാടക സീരിയലുകളിലും തൊഴിലില്ലായ്മ ഒരു വിഷയമെയല്ല; എല്ലാം ഗുണ്ടാക്കഥകളാണ്. ഭക്തി സീരിയലുകളി ലാണിപ്പോൾ ദാരിദ്ര്യം ചിത്രീകരിക്കുന്നത്. ഏതാണ്ട് എല്ലാപേരും വിശേഷിച്ചും യുവാക്കൾ മെയ്യനങ്ങാതെയുള്ള തന്ത്രങ്ങളിൽ കൂടി പെട്ടെന്ന് പണമുണ്ടാക്കാനുള്ള തന്ത്ര പ്പാടിലാണ്. അങ്ങനെയാണ് മണൽ- ഭൂമാ ഫിയകളും, പണമിരട്ടിപ്പ്-ഷെയർമാഫിയകളും സമൂഹത്തിൽ അംഗീകാരം നേടിയത്. അതല്ലങ്കിൽ ചെയ്യുന്ന ജോലിക്ക് ഒരു ന്യായീകരണവുമില്ലാത്ത കൂലികൊടുക്കണം. 'നോക്കു കൂലി'യെ ഈ വിഭാഗത്തിൽ പെടുത്താം; ഈ കൂലി മറ്റ് സ്ഥലങ്ങളിൽ ഇതുവരെയും എത്തിയിട്ടില്ല, അതു കൊണ്ട് തന്നെ മുകളിൽ പറഞ്ഞ പഠനത്തിൽ ഇതിനെ ക്കുറിച്ചൊന്നും പറയുന്നില്ല.

അഭ്യസ്ഥവിദ്യരൊക്കെ കുടുംബത്തിലെ സാമ്പത്തിക സുരക്ഷിതത്തിന്റെ തണലിൽ പഠിച്ചുകൊണ്ടേയിരിക്കുന്നു; മെയ്യനങ്ങാതെ ചെയ്യാൻ പറ്റുന്ന വല്ല പണിയും കിട്ടിയാൽ പോകാമെന്നുള്ളതാണ് തത്വശാസ്ത്രം. വിദഗ്ധർ ഇതിനെ 'അന്വേഷണ പ്രക്രിയ' യെന്നാണ് പറയുന്നത്. കഠിന പ്രയത്നത്തിൽ പ്രവേശന പരീക്ഷയും ഉപരിപഠനവുമൊക്കെ പൂർത്തിയാക്കിയ പല ചെറുപ്പക്കാരും കിട്ടിയ ജോലി ഇഷ്ടപ്പെട്ടില്ലായെന്നും ജോലി കൂടുത

# ഗൃഹ വൈദ്യം

Er. പ്രസകുമാർ.പി.ആർ.
മൂഴിയാർയൂണിറ്റ്

**ഏ**താണ്ട് 75-80 വർഷങ്ങൾക്കു മുമ്പ് നമ്മുടെ നാട്ടിൽ മോഡേൺ മെഡിസിൻ, ഹോമിയോ പതി തുടങ്ങിയ ചികിത്സാരീതികൾ ഇല്ലാതിരുന്ന കാലത്ത് പൗരാണികമായ ആയുർവേദവും, സാധാരണജനങ്ങൾക്ക് പ്രാപ്യമായിരുന്നില്ല. അതിന് പിന്നിലേയ്ക്കുള്ള കാലഘട്ടങ്ങളിൽ കുടുംബത്തിലുള്ള എല്ലാ പേർക്കും ആരോഗ്യം നില നിർത്തിയിരുന്നത് മുത്തശ്ശിമാരുടെ ഗൃഹവൈദ്യ ചികിത്സയിലായിരുന്നു. ഋഗ്വേദ കാലഘട്ടങ്ങൾ മുതൽ മനുഷ്യരിലുണ്ടാകുന്ന ക്യാൻസർ അടക്കം എല്ലാ രോഗങ്ങൾക്കും തീർത്തും ചിലവു കുറഞ്ഞതും എന്നാൽ വളരെ ഫലപ്രദവുമായ ഔഷധങ്ങൾ ഗൃഹവൈദ്യത്തിലുണ്ട്. അതിൽ ഏതാനും ചിലത് താഴെ ചേർത്തുകൊള്ളുന്നു.

**പനി**

1. സാധാരണ പനിയ്ക്ക് തുളസിയിലയും കുരുമുളകുപൊടിയും വെള്ളത്തിൽ തിളപ്പിച്ച് ഒരു ഗ്ലാസുവീതം 4 നേരം മതിയാകും.
2. ശരീരത്തിൽ എവിടെയെങ്കിലും ഗ്രന്ഥി/ വിദ്രധി (Fibroid) ഉണ്ടെങ്കിൽ കൂടെക്കൂടെ പനിവരും. അതിന് പൂവാംകുറന്തൽ മതിയാകും. സമൂലം പിഴിഞ്ഞ നീര് 2 സ്പൂൺ മോരിൽ കഴിയ്ക്കാം. 120 ഗ്രാം ചതച്ചു കിഴികെട്ടി കഞ്ഞിയിലിന്നു വേകുമ്പോൾ പിഴിഞ്ഞ് എടുത്ത് ആ കഞ്ഞി ചൂടോടെ കഴിച്ചാൽ വിയർക്കും. പനിമാറും മുഴയും വറ്റിപോകും.
3. ചുക്ക്, ദേവതാരം, മല്ലി ഇവ കഷായം വെച്ചു കഴിച്ചാൽ പനിമാറും. (കഷായം എന്നത് മരുന്ന് 60 ഗ്രാം-12 ഗ്ലാസ് വെള്ളത്തിൽ വറ്റിച്ച് ഒര ഗ്ലാസാക്കി പിഴിഞ്ഞ് അരിച്ച് എടുത്ത് ഗ്ലാസു വീതം 3 നേരം) ഇവയോടൊപ്പം കിരിയാത്ത് ചേർത്താൽ പകർച്ച പനികൾക്കു നല്ലതാണ്.
4. ചുക്ക്, ദേവതാരം, ചെറുവഴുതിനവേര്, കണ്ടകാരിചുണ്ടവേര് കഷായം ശ്വാസം മുട്ടൽ വരുതിനു മുമ്പുണ്ടാകുന്ന പനിയ്ക്ക് ഉത്തമം. രണ്ടിനും നല്ലതാണ്.

---

ലാണെന്നും ജോലിസമയം കൂടുതലാണെന്നും മറ്റും പറഞ്ഞ് സുഖമായി വീട്ടിൽ ഇരിക്കുന്നത് കാണുന്നില്ലേ! രാഷ്ട്രീയക്കാരാണ് സമൂഹത്തെ ഈ പരുവത്തിൽ എത്തിച്ചത്. വോട്ടിനുവേണ്ടി നോക്കുകൂലിയെ ന്യായീകരിച്ചു, ജോലി സമയത്തിന്റെ ക്ലിപ്തത ഇല്ലാതാക്കി, ജോലിയുമായി കൂലിയ്ക്കുണ്ടായിരുന്ന ബന്ധം ഇല്ലാതാക്കി,റേഷൻ സൗജന്യമായി ലഭ്യമാക്കേണ്ടതാണെന്നുള്ള ധാരണ സമൂഹത്തിൽ പരത്തി. ഇപ്പോൾ സമൂഹം ഇതെല്ലാം ചേർത്ത് ആരും ഒരു ജോലിയും ചെയ്യെണ്ടായെന്നുള്ള വിശ്വാസത്തിലാണ്. അതിന്റെ ഭാഗമായിട്ടാണ് ഭക്ഷ്യസുരക്ഷപദ്ധതി നടപ്പിലാക്കുന്നതെന്നാണ് ധരിച്ചിരിയ്ക്കുന്നത്. എല്ലാവരും ഒന്നും രണ്ടും മൊബൈൽ, ബൈക്കുകൾ, കംമ്പ്യൂട്ടർ, കോള; കുപ്പിവെള്ളം മുതലായ സൗകര്യങ്ങളുമായി ആർത്തുല്ലസിച്ച് നടക്കുകയാണ്.

ഓരോരുത്തരും അവരാൽ കഴിയുന്ന ജോലികൾ ചെയ്യാത്ത ഒരു സമൂഹവും ഒന്നും നേടിയിട്ടില്ലായെുള്ള കാര്യം ആരാണാവോ ഇനി നമ്മളെ പറഞ്ഞു മനസ്സിലാക്കുന്നത്? ✵

5. കടുക്ക ശർക്കര ചേർത്ത് അരച്ച് ചിറ്റമൃതിൻ നീരിൽ കഴിയ്ക്കുക. കഴലിൽനീര്, മുട്ടിനുനീര് തുടങ്ങി ശരീരത്തിൽ നീർകോളുള്ള പനിയ്ക്ക് ഉത്തമം. പനി തുടങ്ങുമ്പോൾ വെള്ളം ഇറങ്ങാൻ ബുദ്ധിമുട്ടുണ്ടാകും ജ്വരത്തിന് ഇതു കൊള്ളാം. അന്നനാളത്തിലെ ക്യാൻസറിന് ആരംബത്തിൽ ഇതു മതിയാകും.

6. പേരാലിന്റെ ഇല 60 ഗ്രാം കഷായം രാത്രി പനിയ്ക്കു ഉത്തമമാണ്. സ്ത്രീകൾക്ക് കുട്ടികൾ ഉണ്ടാകാൻ താമസിച്ചാൽ മിക്കവാറും ശരീരത്തിൽ ചൂട് കൂടുതൽ ഉണ്ടാകും, അതിനും ഇതു മതിയാകും.

7. പാണ്ഡുത(ലുക്കീമിയ)യുടെ ആരംഭത്തിൽ (പൊക്കിളിനു താഴെ ചെറിയ മുഴയും വേദനയും കാണും) മുരിങ്ങയുടെ വടക്കോട്ടു പോകുന്നവേര്(1 cm to 5 cm) അരച്ചു കൊടുത്താൽ മാറും. ആരംഭത്തിൽ ഒരു പനിയുണ്ടാകും, രണ്ടും മാറും.

8. കണ്ടകാരിചുണ്ടവേര്, ചിറ്റമൃത്‌വള്ളി, ആടലോടകവേര് കഷായം പനിയ്ക്ക് ഉത്തമം. ശ്വാസംമുട്ടൽ, തുമ്മൽ, ചുമ, ആസ്മ, ചൊറിച്ചിൽ, വിളർച്ച ഇവയ്ക്കും ഇതു വളരെ ഫലപ്രദമാണ്.

9. കൃമി, വിര മുതലായവ മൂലമുണ്ടാകുന്ന പനിയ്ക്ക് ചെന്തെങ്ങിന്റെ കരിക്കിൽ ഒരു പിടി തുമ്പപൂവ് അരച്ചു ചേർത്തു കൊടുത്താൽ മതിയാകും.

10. കുട്ടികളുടെ അപസ്മാരത്തിനു ചൂടുചോറ് അരച്ച് ചെറിയ ഉരുളയാക്കി അതിൽ ഒരു കുഴിയാനയെ ജീവനോടെവച്ച് വിഴുങ്ങിയാൽ (ഒറ്റ തവണ മാത്രം) മതിയാകും.

11. ഒരു ചികിത്സയും ഫലിക്കാതെ വരുന്ന പനിയ്ക്ക് ഒരു ഞാഞ്ഞൂലിനെ (വിര) തലേ ദിവസം പിടിച്ച് മോരിൽ ഇട്ടു വെച്ച് പിറ്റേ ദിവസം രാവിലെ ശർക്കര ചേർത്ത് അരച്ച് വെറും വയറ്റിൽ കഴിയ്ക്കുക.

12. കരിനച്ചിയുടെഇല ഉണക്കി പൊടിച്ച് ശർക്കര ചേർത്തു കഴിച്ചാൽ കഫ കെട്ടിനും, ചുമയ്ക്കും മൂത്രതടസ്സത്തിനും ഇവ മൂലമുള്ള പനിയ്ക്കും ഉത്തമം.

**ഭക്ഷണ കാര്യത്തിൽ ശ്രദ്ധിയ്ക്കേണ്ടവ**

1. അലുമിനിയം/ഇൻഡാലിയം പാത്രങ്ങളിൽ പാചകം ചെയ്യരുത്. Stainless steel പാത്രങ്ങൾ, പഴയകാല പാത്രങ്ങൾ ആകാം. രക്തത്തിൽ സിറംഫെർട്ടിൻ കൂടുതൽ ഉള്ളവരും SLE മുതലായ രോഗങ്ങൾ ഉള്ളവരും ഇരുമ്പു പാത്രങ്ങൾ ഒഴിവാക്കണം.
2. ഹോർമോണുകൾ നൽകി ദ്രുതഗതിയിൽ വളർത്തിയെടുക്കുന്ന ജീവികളുടെ മാംസം,മുട്ട ഇവ തീർത്തും കഴിയ്ക്കരുത്. കുട്ടികൾ 7-8 വയസിൽ തന്നെ യൗവനത്തിലേയ്ക്കു കടക്കും.
3. ആട്ട, മൈദ ഇവ അപകടകാരിയാണ് -പ്രമേഹം ഉണ്ടാകും.
4. രാസവസ്തുക്കൾ ചേർത്തു സൂക്ഷിച്ചു വയ്ക്കുന്ന പായ്ക്കറ്റ് ഭക്ഷണ പദാർത്ഥങ്ങൾ വർജ്ജിയ്ക്കണം.
5. തൈര് ഒരിക്കലും ചൂടാക്കി ഉപയോഗിയ്ക്കരുത്.
6. അകാലത്തിൽ കൃത്യമമായി വിളയിക്കുന്ന പച്ചക്കറികളും ഉപയോഗിയ്ക്കരുത്.
7. ടി.വി കണ്ടു കൊണ്ടു ഭക്ഷണം കഴിയ്ക്കരുത്.
8. മഞ്ഞൾ, കറിവേപ്പില ഇവ കറികളിൽ നന്നായി ഉപയോഗിക്കുക (പായ്ക്കറ്റ് മഞ്ഞൾ ഉപയോഗിക്കരുത്.)

# Kerala State Electricity Board

**Abstract**

Effecting Service Connections without realizing cost to residence of students attending SSLC examination during school year 2010-11 – Delegating Assistant Engineers of Electrical Section to sanction special priority – Orders Issued

---

**Distribution Profit Centre**

BO (FM) (Genl) No 2622/2010 (DPC II/AE/OTP.01/2010) Dated Thiruvananthapuram, 08.10.2010

---

Read: 1 BO (FM) (Genl) No 1837/2010 (DPC II/AE/OTP.01/2010) dated 16.07.2010

2 BO (FM) No 2462/2008 (DPC II/ AE/ Proposal.04/2008-09) dated 08.09.2009

**Order**

Board vide Order read as 1st paper above authorised Deputy Chief Engineers of Electrical Circles to sanction special priority for Weather Proof service connections and also service connections requiring line extension up to and including 235 metres (200 metres OH + 35 metres WP), for domestic purpose under normal development scheme, without limitation of target date to residence of students of government / aided school who are attending SSLC examination in the school year (2010 – 2011) subject to conditions. Field officers pointed out that much procedural delay is now experienced in sanctioning special priority for such connection.

Board after considering the issues in detail, decided that powers to sanction special priority for service connections for domestic purpose under normal development scheme, without limitation of target date to residence of students of government / aided school who are attending SSLC examination in the school year (2010 – 2011) shall be delegated to Assistant Engineers of Electrical Section subject to satisfying the conditions stipulated in Board Order read as 1st paper above.

Orders are issued accordingly.

By Order of the Board

Sd/-
B Mohanan
**Secretary**




കെഎസ്ഇബി എൻജിനീയേഴ്സ് അസോസിയേഷൻ എറണാകുളം യൂണിറ്റ് തൃപ്പൂണിത്തുറയിൽ സംഘടിപ്പിച്ച വൈദ്യുതി സുരക്ഷാ സെമിനാർ കെ. ബാബു എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. ബി. ശ്രീകുമാർ, എം.എസ്. റാവുത്തർ, നഗരസഭ ചെയർമാൻ ആർ. വേണുഗോപാൽ, ജി. സുധാദേവി, ജി.എസ്. അജികുമാർ, ജേക്കബ് ലാസർ, ഒ.കെ. പവിക്കുട്ടൻ സമീപം.

# വൈദ്യുതി സുരക്ഷാ സെമിനാർ നടത്തി

ത്യപ്പൂണിത്തുറ: വൈദ്യുതി മേഖലയിൽ അപകടത്തിനിരയാകുന്ന കരാർ തൊഴിലാളികൾക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നതിന് വ്യവസ്ഥയുണ്ടാക്കണമെന്ന് കെ. ബാബു എംഎൽഎ ആവശ്യപ്പെട്ടു. കെഎസ്ഇബി എൻജിനീയേഴ്സ് അസോസിയേഷൻ എറണാകുളം യൂണിറ്റ് സംഘടിപ്പിച്ച 'വൈദ്യുതിയും സുരക്ഷയും' സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് ജി.എസ്. അജികുമാർ അധ്യക്ഷത വഹിച്ചു. എം.എസ്. റാവുത്തർ, ഒ.കെ. പവിക്കുട്ടൻ, ജേക്കബ് ലാസർ, വി.വി. സത്യരാജൻ, ലിജു ജോസഫ് പ്രസംഗിച്ചു. മധ്യമേഖല വിതരണ വിഭാഗം ചീഫ് എൻജിനീയർ ജി. സുധാദേവി വിഷയം അവതരിപ്പിച്ചു. പി.സി. രാജൻ ബാബു, തോമസ് ജോർജ്, വി.കെ. രാധാകൃഷ്ണൻ, കെ.എസ്. ദാമോദരൻ നമ്പൂതിരി പ്രസംഗിച്ചു.

# PROMOTION & TRANSFER

Promotion of Deputy Chief Engineer to the cadre of Chief Engineer (Ele)

| | |
|---|---|
| 1. P.S.Rajagopal,DyCE Trans. Circle, Poovanthuruthu. | Chief Enginer Generation. |

**<u>Promotion of Executive Engineer to Dy.Chief Engineer, and transfer of Dy.CEs(B.O. No.(FM) No.2915/2010 (Estt/III/333/2010) dated 10.11.2010.</u>**

<u>Promotions</u>

| | |
|---|---|
| 1. Venugopal.K.R., EE, Ele. Circle, Tirur | Dy.Chief Engineer, O/o the Chief Engineer (PED), VB, Trivandrum |
| 2. Ravichandar.R, EE on deputation to Department, Union Territory of Lakshadweep. | promted as Dy.Chief Engineer allowed tocontinue on deputation |
| 3. Sosamma Kuruvila Ele. circle,Palakkad | Dy.Chief Engineer, O/o the CE (Trans. North) Kozhikode. |
| 4. Muraleedharan.N. Ele. Division,Kalpetta. | Dy.Chief Engineer, Ele.Circle, Manjeri. |

<u>Transfer of Dy. Chief Engineers.</u>

| | |
|---|---|
| 1. Narayana Swamy.P.A Dy.Chief Engineer, Ele. Circle, Manjeri. | Dy.Chief Engineer, System operation Circle, Kalamasserri. |
| 2. Abdulrahiman Sait.I Dy.Chief Engineer, S.O. Circle.. Kalamasserri | Dy.Chief Engineer, Trans. Circle , Alappyzha. |
| 3. Mohana Natha panicker Dy.Chief Engineer, Trans. Circle Alappuzha. | Dy.Chief Engineer, Trans. Circle, Poovanthuruthu |
| 4. Pradeep.P.V. Dy.Chief Engineer, BDPP, Ernakulam | Nodal Officer for 100% Electrification,Aluva (the redesignated place of DYCE, APTS, Aluva.). |
| 5. Sathyarajan.V.V Dy.Chief Engineer, APTS, Aluva. | Dy.Chief Engineer, BDPP, Ernakulam |

## FOR THE INFORMATION OF READERS.

Er James Wilson, AEE on deputation to Mullaperiyar cell functioning under former Member M.K.Parameswaran Nair has created a Blog htpp://jame wils.blogspot.com which brings out the real danger en capsuled in that old Dam. Readers are advised to visit the blog for detailed information. This link is available in our association website also to the Blog.

*Editor*

# FAREWELL



**Er.K.J.Thomas,** entered into Board's service as Assistant Engineer Though he worked in all the three wings of KSEBoard, he is widely recognized as a Generation expert. He served the association as office bearers at various levels such as CEC member and Unit Chairman. He is a loyal and active member of our association and participated in all activities. He retired from Board's service as Chief Engineer (Generation) on superannuation on 31.10.2010.

The KSEB Engineers Association wishes him a happy and peaceful retirement life.



**Er.Premji Easaw Jacob,** passed out from REC (NIT) Calicut in 1977. After working in O.E.N.India Ltd, Cochin for 3 years he joined KSEB in 1982 as Assistant Engineer at Transmission Central Stores, Angamaly.. He has worked in all the three wings of KSE Board, including corporate wing. He served the association as office bearers at various levels as Unit Chairman, Vice-Chairman and Director of CEEBA. He is a loyal and active member of the Association. His characteristic smiley personality and contributive participation made all the activities a success in which he took the lead. He retired from Board's service as Deputy Chief Engineer on superannuation on 31.10.2010 from Office of the Chief Engineer (PED),Trivandrum.

The KSEB Engineers Association wishes him a happy and peaceful retirement life.



**Er.T.R.Murugesan,** joined in KSEB as Assistant Engineer. He is an active member of our association and participated in all activities. He retired from Board's service as Deputy Chief Engineer on Superannuation on 31.10.2010.from the Office of the Chief Engineer (Transmission) North. In memory of his daughter, he has instituted the Greeshma B.Kailas Memorial Award to be given annually to the wards of the Association Members who score the highest marks in SSLC Examination.

The KSEB Engineers Association wishes him a happy and peaceful retirement life.




സർവീസിൽ നിന്ന് വിരമിച്ച ചീഫ് എൻജിനിയർ കെ.ജെ.തോമസ്, ഡെപ്യൂട്ടി ചീഫ് എൻജിനിയർമാരായ ശ്രീമാൻമാർ പ്രേംജി ഈശോ ജേക്കബ്, ടി.ആർ.മുരുകേശൻ, എ. ഷംസദ്ദീൻ എന്നിവർക്ക് അസോസിയേഷൻ കൊച്ചിയിൽ വച്ച് നടത്തിയ യാത്രയയപ്പ് വേളയിൽ പങ്കെടുത്ത് കോർപ്പറേറ്റ് വിഭാഗം ചീഫ് എൻജിനിയർ കെ.എസ്.ദാമോദരൻ നമ്പൂതിരി സംസാരിക്കുന്നു (മുകളിൽ)

സർവീസിൽ നിന്ന് വിരമിച്ച ഡെപ്യൂട്ടി ചീഫ് എൻജിനിയർ (പി.ഇ.ഡി.) ശ്രീമാൻ പ്രേംജി ഈശോ ജേക്കബിന് പാരിതോഷികം നല്കി ആദരിക്കുന്നു (താഴെ)



**November 2010** Registration No.KL/TV(N)/229/2009-11 **PRICE ₹ 5/-**
Licensed to Post without Prepayment - No.KL/TV(N)WPP/65/2009 -11

**KERALA STATE ELECTRICITY BOARD ENGINEERS ASSOCIATION**
**ENGINEERS HOUSE, T.C 26/1300, PANAVILA, TRIVANDRUM - 695 001**
**PHONE. 0471-2330696, FAX : 0471-2330853**




കെ.എസ്.ഇ.ബി എൻജിനിയേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 27.10.2010 ൽ കൊച്ചിയിൽ വച്ച് നടന്ന ദേശീയ സെമിനാർ ചീഫ് എൻജിനിയർ കെ.എസ്.ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു. (റിപ്പോർട്ട് 8-ാം പേജിൽ)






Edited, Printed & Published by Er. E.Mohammed Shereef, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association at Bhagath, Marappalam, Pattom, Thiruvananthapuram - 4 Ph: 2540035, website : http/www.ksebea.in

**For private circulation only**